കേരളപ്പിറവി - ഭാഷാപതിപ്പ്

# മാധ്യമം
ആഴ്ചപ്പതിപ്പ്

2020
November 09



കഥ
**ടി.ബി. ലാൽ**

കവിത
**കെ.കെ.എസ്. ദാസ്**
**കളത്തറ ഗോപൻ**

**EXCLUSIVE**

## അറിയുമോ, കേരളത്തെ അക്ഷരം പഠിപ്പിച്ച ഗാർത്തുവേറ്റിനെ?

● ഷിജു അലക്സ് ● സിബു സി.ജെ ● സുനിൽ വി.എസ്

## ഭാഷയുടെ നാനാർഥങ്ങൾ

● ഡോ. ജമീൽ അഹ്മദ് ● സുബൈർ അരിക്കുളം ● ബിജു സി.പി

## മലയാളം മാത്രമല്ല കേരളം

12 ഗോത്രഭാഷാ കവികൾ 14 കവിതകൾ

● സുകുമാരൻ ചാലിഗദ്ധ ● പി. ശിവലിംഗൻ ● സുരേഷ് എം. മഞ്ഞളംബര
● ധന്യ വേങ്ങച്ചേരി ● ശാന്തി പനക്കൻ ● സിന്ധു കോളിമൂല ചുള്ളിയോട് ● പ്രകാശൻ ചെന്തളം
● ആർ.കെ അട്ടപ്പാടി ● രാജി രാഘവൻ ● അംബിക പി.വി ● രമ്യ ● ലിജിന കടുമേനി

# മാധ്യമം ആഴ്ചപ്പതിപ്പ്

2020 നവംബർ 9 ● പുസ്തകം 23
ലക്കം: 1184 ● വില: ₹ 20




കവർ

ലിസ്റ്റൻ ഗാർത്തുവെറ്റ് (1898ലെ ചരമവാർത്തക്കൊപ്പം വന്ന പടത്തിൽനിന്ന് ആവിഷ്കരിച്ചത്)

കവർ വര

വിനീത് എസ്. പിള്ള

കവർ / ഡിസൈൻ

അമീർ ഫൈസൽ

പംക്തികൾ


**05** തുടക്കം
**06** എഴുത്തുകുത്ത്
**94** മീഡിയാസ്കാൻ
**94** ബുക്ക്ഷെൽഫ്
**98** പൊരുൾവര








## 20 ഗോത്രഭാഷാ കവിതകൾ

കേരളത്തിനുള്ളിൽ ചെറുതും വലുതുമായ നിരവധി ഭാഷകളുണ്ട്. അവയിലെല്ലാം മികച്ച കവിതകളും രചനകളും എഴുതപ്പെടുന്നുണ്ട്. എന്നാൽ, അവ 'മുഖ്യധാര' വായിക്കുകയോ തിരിച്ചറിയപ്പെടുകയോ ചെയ്യാതെ പോവുകയാണ് പതിവ്. റാവുള, ഇരുള, പണിയ, മാവിലൻ, മലവേട്ടുവ ഭാഷകളിലെ 12 കവികളുടെ 14 കവിതകളും അവയുടെ മലയാള പരിഭാഷയും.

● സുകുമാരൻ ചാലിഗദ്ധ ● പി. ശിവലിംഗൻ ● സുരേഷ് എം. മണ്ണാളംബര ● ധന്യ വേങ്ങച്ചേരി ● ശാന്തി പനക്കൻ ● സിന്ധു കോളിമൂല ചുള്ളിയോട് ● പ്രകാശൻ ചെന്തളം ● ആർ.കെ അട്ടപ്പാടി ● രാജി രാഘവൻ ● അംബിക പി.വി ● രമ്യ ● ലിജിന കടുമേനി

**08**

മലയാള ഭാഷയും പാഠ്യപദ്ധതി വികാസവും

### 'പന നന'ച്ച് മലയാള അക്ഷരപഠനത്തെ പരിഷ്കരിച്ച ഒരാൾ

**ഷിജു അലക്സ്, സിബു സി.ജെ, സുനിൽ വി.എസ്**

മലയാള ഭാഷയുടെ വികാസത്തിൽ സുപ്രധാന പങ്കുവഹിച്ച, പാഠ്യപദ്ധതി ചരിത്രത്തിൽ സുപ്രധാന മാറ്റം അവതരിപ്പിച്ച വ്യക്തിയാണ് ലിസ്റ്റൻ ഗാർത്തുവേറ്റ്. ഗാർത്തുവേറ്റ് സായിപ്പിന്റെ അപൂർവ ഫോട്ടോ കണ്ടെടുക്കുന്നതിനൊപ്പം അദ്ദേഹത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണ സംഭാവനകളെപ്പറ്റി എഴുതുകയാണ് യുവ ഗവേഷകരായ ലേഖകർ.

**50**

മലയാള ഭാഷയും പാഠ്യപദ്ധതി വികാസവും

### ചെലോൽത് റെഡ്യാവുന്നതെങ്ങനെ..?

**ബിജു സി.പി**

നാലാം ക്ലാസുകാരനായ ഒരു കുട്ടിയുടെ തനി നാടൻ ഭാഷാപ്രയോഗങ്ങൾ ഒരു ഭാഷാ സമൂഹത്തെയാകെ വിസ്മയത്തിലാക്കിയത് എന്തുകൊണ്ടായിരിക്കും എന്നതിനെക്കുറിച്ചുള്ള ചില സംസ്കാര വിചാരങ്ങൾ.

**34**

അറബിമലയാളവും കേരളത്തിന്റെ സാംസ്കാരിക ചരിത്രവും

### ഒരു ലിപിയുടെ സാംസ്കാരിക വിവക്ഷകൾ

**ഡോ. ജമീൽ അഹ്മദ്**

ഒരു ലിപി എന്നനിലക്ക് അറബിമലയാളം രൂപപ്പെട്ട ചരിത്രപരമായ സാഹചര്യങ്ങൾ എന്തെല്ലാമാണ്? അത് പുഷ്ടിപ്പെട്ടതിന്റെയും ഇല്ലാതായിപ്പോയതിന്റെയും സാമുദായിക കാരണങ്ങൾ എന്തൊക്കെയാണ്?

**42**

മലയാളവും ഭരണഭാഷയും

### ഭരണഭാഷ: ചരിത്രവും വർത്തമാനവും

**സുബൈർ അരിക്കുളം**

കേരളത്തിൽ മലയാളം സമ്പൂർണമായി തന്നെ ഭരണഭാഷയാകേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എന്താണ് ഇപ്പോഴത്തെ പ്രതിസന്ധികളും പ്രശ്നങ്ങളും? മലയാളത്തെ ഭരണഭാഷയാക്കാൻ നടന്ന സമരങ്ങളുടെ ചരിത്രവും വർത്തമാനകാല യാഥാർഥ്യവും വിവരിക്കുകയാണ് ലേഖകൻ.

ആത്മകഥ/നിറഭേദങ്ങൾ

**58** ആദ്യ പ്രണയവും വിവാഹവും
കലൂർ ഡെന്നീസ്

പത്തേമാരി കഥകൾ

**64** കാറ്റും കടലും കടന്ന്
കെ.എ. ഉമ്മർകുട്ടി

കവിത

**18** രണ്ടു കവിതകൾ
കെ.കെ.എസ്. ദാസ്

**63** ഒരുപാടു മുറിക്കുള്ളിൽ ഒരു മുറി
കളത്തറ ഗോപൻ

കഥ

**70** പൂക്കുറ്റിച്ചെതറൽ
ടി.ബി. ലാൽ

നോവൽ

**80** കടലിന്റെ മണം
പി.എഫ്. മാത്യൂസ്

# മലയാളം മാത്രമല്ല കേരളം

മാധ്യമം ആഴ്ചപ്പതിപ്പ് ഈ ലക്കം കേരളപ്പിറവി ദിനത്തിന്റെ പശ്ചാത്തലത്തിൽ ഭാഷാപതിപ്പാണ്. അതിന് 'മലയാളം മാത്രമല്ല കേരളം' എന്ന തലക്കെട്ട് ചേരുമോ?

ഐക്യകേരളം രൂപവത്കരിക്കപ്പെട്ടത് വളരെയേറെ നീണ്ട വിവിധതരം സമരങ്ങൾക്കൊടുവിലാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം വേണമെന്ന ആവശ്യത്തിന്റെ പലവിധ തുടർച്ചയിൽ ഒന്നായിരുന്നു 1945ൽ എഴുതപ്പെട്ട 'കേരളം മലയാളികളുടെ മാതൃഭൂമി'. എന്നാൽ, ഭാഷാടിസ്ഥാനത്തിൽ രൂപവത്കരിക്കപ്പെട്ടതുകൊണ്ട് സംസ്ഥാനത്ത് മറ്റു ഭാഷകൾക്ക് പ്രസക്തിയില്ലെന്ന് വരരുത്. ന്യൂനപക്ഷ ഭാഷകളെ അവഗണിക്കാനും പാടില്ല.



അതായത്, മലയാളം എന്ന സവിശേഷ ഭാഷയെ എടുക്കുമ്പോൾതന്നെ പലവിധ പ്രതിസന്ധികളിലേക്കും സങ്കീർണതകളിലേക്കും നമ്മൾ നീങ്ങുന്നുണ്ട്. കൊളോണിയൽ അധിനിവേശത്തിന്റെ ഭാഷയായ ഇംഗ്ലീഷ് ഒരു വശത്ത്; ദേശീയതയുടെ ഭാഷയാണ് എന്ന അവകാശവാദവുമായി ഹിന്ദി അടിച്ചേൽപിക്കാൻ ശ്രമം വേറൊരുവശത്ത്; ഇതിനടിയിൽ ദേവഭാഷ എന്ന വാദവുമായി സംസ്കൃതവുമായി ഹിന്ദുത്വവാദികൾ വരുന്നു. അതേസമയം ഉർദു, അറബി പോലുള്ള ഭാഷകളെ കൃത്യമായ മതകാരണത്താൽ നിഷേധിക്കാൻ ദേശീയ വിദ്യാഭ്യാസ നയത്തിലടക്കം മോദി സർക്കാർ ശ്രമിക്കുന്നുമുണ്ട്. ഇവിടെ ഏത് ഭാഷ ഉയർത്തിപ്പിടിക്കണം?

രണ്ട്, ഭരണഭാഷ മലയാളമാക്കണമെന്ന വാദവും അതിനുള്ള ശ്രമവും ഒരുവശത്ത് നടക്കുന്നുണ്ട്. അത് തുടരേണ്ടതുണ്ടോ? അങ്ങനെ വരുമ്പോൾ കേരളത്തിനകത്തെ ന്യൂനപക്ഷ ഭാഷകൾക്ക് എന്ത് സംഭവിക്കും?

മലബാറിൽ മുമ്പ് അറബിമലയാളം നിലനിന്നിരുന്നു. വലിയ സാംസ്കാരിക സംഭാവനകൾ നൽകിയ ആ ലിപി ഇന്ന് ഏതാണ്ട് ഇല്ലാതാകുന്നു. അറബിമലയാളത്തോടും അതിന്റെ സാംസ്കാരിക സമ്പന്നതയോടും എന്തു സമീപനമാണ് സ്വീകരിക്കേണ്ടത്? ഇതുവരെ കേരളം അതിനോട് പുലർത്തിയ സമീപനം ശരിയായിരുന്നോ?

ഇതോടൊപ്പം മലയാളഭാഷയിൽ പലവിധത്തിൽ നവീകരണം നടക്കുന്നു. പുതിയ പദാവലികൾ കടന്നുവരുന്നു. അവ നമ്മുടെ ഭാഷാസമ്പത്തിനെയും ആസ്വാദനത്തെയും മാറ്റിമറിക്കുന്നുണ്ടോ? ഇത്തരത്തിലുള്ള ചോദ്യങ്ങളും ആശങ്കകളുമാണ് ഈ ഭാഷാപതിപ്പ് വിവിധ ലേഖനങ്ങളിലൂടെ പങ്കുവെക്കുന്ന ഒരു കാര്യം.

ഈ പതിപ്പിന്റെ ഏറ്റവും വലിയ സവിശേഷത കേരളത്തെ അക്ഷരമാല പഠിപ്പിച്ച ഗാർത്തുവേറ്റ് സായിപ്പിനെ വീണ്ടെടുക്കുന്നുവെന്നതാണ്. യ, പ, ന, റ, ര, ത തുടങ്ങിയ ലളിതാക്ഷരങ്ങളിൽ പഠനമാരംഭിക്കുന്ന ഇന്നത്തെ ശൈലി 1870കളിൽ ലിസ്റ്റൻ ഗാർത്തുവേറ്റ് തുടങ്ങിവെച്ചതാണ്. എന്നാൽ, കേരളം ഗാർത്തുവേറ്റ് സായിപ്പിനെ വേണ്ടവിധത്തിൽ അംഗീകരിക്കുകയോ ഓർക്കുകയോ ചെയ്തിട്ടില്ല. ഗാർത്തുവേറ്റിന്റെ അപൂർവ ഫോട്ടോ കണ്ടെടുക്കുന്നതിനൊപ്പം അദ്ദേഹത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണ സംഭാവനകളെപ്പറ്റി അടയാളപ്പെടുത്തുന്ന ഗവേഷണ ലേഖനം അതിനാൽ വളരെ പ്രധാനമാണ്.

അതോടൊപ്പം കേരളഭാഷയിൽ ഗോത്രകവികളുടേതായ വലിയ സംഭാവനകളുണ്ട്. ആ ഇടപെടലുകൾ നമ്മുടെ ഭാഷ-സാഹിത്യ സങ്കൽപത്തെ അട്ടിമറിക്കുന്നു. ഈ ലക്കത്തിലെ 12 ഗോത്ര കവികളുടെ 14 കവിതകൾ നമ്മുടെ സാഹിത്യധാരണകളെയും മാറ്റി എഴുതും. ആ രചനകളും എഴുത്തുകാരും നമ്മോട് പറയുന്നതാണ് മലയാളം മാത്രമല്ല കേരളം എന്ന്.

⊖ മാധ്യമം
ആഴ്ചപ്പതിപ്പ്

2020 നവംബർ 9 ● പുസ്തകം 23

1184

Editor : O. Abdurahman
Associate Editor : Dr. Yaseen Ashraf
Executive Editor : V.M. Ibrahim
Joint Editor : P.I. Nowshad

Editorial Board : R.K. Bijuraj
Sulhaf

Proof : K. Devadas
Murshad P

write to us
**POST**
PB. No.1708, Silver Hills
Kozhikode-673012
**MAIL**
weekly@madhyamam.in
**WEB**
www.madhyamam.com
**FACEBOOK**
facebook.com/madhyamamweekly

മതിയായ സ്റ്റാമ്പൊട്ടിച്ച മടക്ക കവർ വെക്കാത്ത രചനകൾ തിരിച്ചയക്കുന്നതല്ല. ഇ-മെയിലിലും മറ്റും ലഭിക്കുന്ന രചനകൾ പ്രസിദ്ധീകരണ യോഗ്യമെങ്കിൽ 15 ദിവസത്തിനകം എഴുത്തുകാരെ അറിയിക്കും. ഇ-മെയിലിലും തപാലിലും ഫോൺ നമ്പറും പൂർണ വിലാസവും ഉൾപ്പെടുത്തണം. പ്രസിദ്ധീകരണത്തെ കുറിച്ച വിവരങ്ങൾ ഫോണിലൂടെ ലഭിക്കുന്നതല്ല.

**ആഴ്ചപ്പതിപ്പ് ഇ-കോപ്പി വാങ്ങാൻ**
subscribe.madhyamam.com

**ആഴ്ചപ്പതിപ്പ് ലഭിക്കാൻ**
വരിസംഖ്യ സംബന്ധിച്ച വിവരങ്ങൾക്കും സർക്കുലേഷൻ സംബന്ധിച്ച പരാതികൾക്കും ബന്ധപ്പെടേണ്ട നമ്പർ:
**9645006843**
(സമയം: 10 am - 5 pm)

Printed and Published by T.K. Farook
for Ideal Publications Trust,
Silver Hills, Kozhikode-12.
Published from Silver Hills, Kozhikode-12
Editor: O. Abdurahman.
Phone: 0495-2730703, 2731500, 2731600
Fax: 0495-2731319
Email: weekly@madhyamam.in
Printed at Roshni Press, Kozhikode

# നീതിപീഠം നീതിയിൽനിന്ന് അകലരുത്

ആയിരം അപരാധികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുതെന്നാണ് ഇന്ത്യൻ ജനാധിപത്യവും അതിൻെറ ഭാഗമായ ഇന്ത്യൻ ജുഡീഷ്യറിയും ഉയർത്തിപ്പിടിക്കുന്ന ഉന്നത ദർശനം. നീതി വൈകിക്കുന്നത് നീതിനിഷേധിക്കുന്നതിന് തുല്യമാണെന്നത് നാം പഠിച്ചുവെച്ചിരിക്കുന്ന മറ്റൊരു മൂല്യം. എന്നാൽ, ഇതെല്ലാം അങ്ങനെതന്നെ വാഴുന്ന ഒരു സാഹചര്യമാണോ ഇന്ന് നിലനിൽക്കുന്നതെന്ന ചിന്ത ഉണർത്തിവിട്ട രണ്ട് ലേഖനങ്ങളായിരുന്നു 'മാധ്യമം ആഴ്ചപ്പതിപ്പ്' (ലക്കം: 1181) പ്രസിദ്ധീകരിച്ച 'നീതിപീഠത്തിൽനിന്ന് പുതിയ വാർത്തകൾ ഒന്നും ഇല്ല' (അഡ്വ. വി.എൻ. ഹരിദാസ്), 'ഇരകൾ വിചാരണ ചെയ്യപ്പെട്ടപ്പോൾ' (പി.എ. പ്രേം ബാബു) എന്നിവ.

ആദ്യലേഖനത്തിൽ കോടതികൾ ഗൗരവമേറിയ കേസുകൾക്കുപോലും അടിയന്തര പ്രാധാന്യം കൊടുക്കാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നതിനെയും ഇത്തരം നടപടികളിലൂടെ വെളിവാകുന്ന ചില പൊതുപ്രവണതകളെയും ചൂണ്ടിക്കാണിക്കുമ്പോൾ രണ്ടാമത്തെ ലേഖനത്തിൽ പീഡനത്തിന് വിധേയമാകുന്ന ഇര പ്രതിയേക്കാൾ കൂടുതൽ വിചാരണ ചെയ്യപ്പെടുന്നില്ലേ എന്ന സംശയമാണ് മുന്നോട്ടുവെക്കുന്നത്. വർഷങ്ങളോളം നീണ്ടുനിൽക്കുന്ന കേസുകളിൽ ന്യായാധിപൻ വിരമിക്കുന്ന തലേദിവസം വിധി പറയുന്ന പ്രവണത ഈയിടെയായി ഒരു രീതിയായി മാറിയിട്ടില്ലേ?

പൗരൻെറ സ്വാതന്ത്ര്യത്തിൽ ഏർപ്പെടുത്താവുന്ന നിയന്ത്രണങ്ങൾ എന്തൊക്കെയെന്നും എപ്പോൾ എന്നും വളരെ വ്യക്തമായി ഇന്ത്യൻ ഭരണഘടനയിൽ പറഞ്ഞിരിക്കെ, അത് നിഷേധിക്കപ്പെടുമ്പോൾ സംരക്ഷണം തേടി കോടതിയെ സമീപിക്കാമെന്നിരിക്കെ, അതേ കോടതി തന്നെ പൗരസ്വാതന്ത്ര്യത്തിന് ഭരണഘടനാവിരുദ്ധമായ വിലക്കുകൾ ഏർപ്പെടുത്തുന്ന വിചിത്രമായ സാഹചര്യമാണ് ഉണ്ടായിരിക്കുന്നതെന്ന്, ജമ്മു-കശ്മീരിലെ മാർക്സിസ്റ്റ് എം.എൽ.എയുടെ അന്യായമായ തടങ്കലിനെതിരെ പാർട്ടിയുടെ അഖിലേന്ത്യ സെക്രട്ടറി സുപ്രീംകോടതിയിൽ നൽകിയ ഹേബിയസ് കോർപസ് ഹരജിയിൽ തടങ്കൽ അന്യായമാണോ ന്യായമാണോ എന്ന് പരിശോധിക്കുന്നതിനുപകരം സീതാറാം യെച്ചൂരിയെ, കശ്മീരിൽപോയി യൂസഫ് തരിഗാമിയെ കാണാൻ അനുവദിച്ചതിനെ എടുത്ത് ഉദ്ധരിച്ചത് ശ്രദ്ധേയമായി.

ബാബരി മസ്ജിദ് ധ്വംസന കേസിലും പ്രശാന്ത് ഭൂഷണിനെതിരായ കോടതിയലക്ഷ്യ കേസിലും റഫാൽ കേസിലും കശ്മീരിലെ മാർക്സിസ്റ്റ് എം.പിയെ തടങ്കലിലാക്കിയ കേസിലും കശ്മീരിൻെറ പ്രത്യേക ഭരണഘടനാ പദവി റദ്ദാക്കിയതിനെതിരെയുള്ള ഹരജിയിലും ഇവ ഏതുതന്നെ ആയാലും ഇവയുടെ വെളിച്ചത്തിൽ വി.എൻ. ഹരിദാസ് ചൂണ്ടിക്കാണിക്കുന്ന പൊതുപ്രവണതകളായ കേസുകൾ അനന്തമായി നീട്ടിവെക്കുന്നതിലൂടെ നീതിനിഷേധം സ്വാഭാവികവത്കരിക്കപ്പെടുന്നുവെന്നതും നീതിന്യായ കോടതികൾ കേവലം നിയമനിർവഹണ കോടതികളായി മാറുന്നു എന്നതും ഭരണഘടന ധാർമികത എന്നത് വിമർശനാതീതമായ ഒരു സങ്കൽപനമല്ല എന്നിരിക്കെ, ഭരണഘടനാ ധാർമകിത തീർത്തും അപ്രത്യക്ഷമാകുന്നുവെന്നതും പ്രതിബദ്ധത നീതിന്യായ സംവിധാനത്തിൽ ഇന്ദിരാ ഭരണകാലത്ത് തങ്ങൾക്ക് അനുകൂലമായ ന്യായാധിപരെ നീതിപീഠത്തിൽ പ്രതിഷ്ഠിക്കാനുള്ള ശ്രമമായിരുന്നുവെങ്കിൽ ഇന്ന് അന്നത്തെ കാലത്തുനിന്നും വ്യത്യസ്തമായി പ്രത്യക്ഷ രാഷ്ട്രീയ കക്ഷിവിധേയത്വം ഇല്ലാതായിരിക്കുകയും അതേസമയം, സ്ഥാപനം മുഴുവനായുംതന്നെ ഭരണനിർവഹണ വിഭാഗത്തോട് പ്രതിബദ്ധമായിരിക്കുകയും ചെയ്യുന്നു എന്നത്, നീതിന്യായ മേഖലകളിലെ ലിംഗവംശീയ വർണ പ്രാതിനിധ്യത്തിലെ കണക്കുകൾ ചൂണ്ടിക്കാണിച്ച് നീതിന്യായ സംവിധാനത്തിൽ തുടരുന്ന ഘടനാപരമായ പരിമിതികൾ തുടങ്ങിയവയെല്ലാം വായനക്കാർക്ക് ചിന്തിക്കാൻ വക നൽകുന്നു.

സ്ത്രീകൾക്ക് എതിരായ ബലാത്സംഗം ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ നമ്മുടെ നീതിന്യായ വ്യവസ്ഥ പൊതുവിൽ സ്വീകരിക്കുന്ന സമീപനത്തെക്കുറിച്ചാണ് പി.എ. പ്രേം ബാബു തൻെറ ലേഖനത്തിൽ പരാമർശിക്കുന്നത്. അതും സമീപകാല സംഭവത്തിൻെറ വെളിച്ചത്തിൽ ഇ




issue
1183

ന്ത്യയിലെ പ്രശസ്ത നിയമജ്ഞ ഇന്ദിര ജയ്സിങ്, തനിക്ക് കോടതി വരാന്തയിൽവെച്ച് ഒരു സീനിയർ അഭിഭാഷകനിൽനിന്നുണ്ടായ ദുരനുഭവം വിവരിച്ചുകൊണ്ട്, നിയമസംവിധാനങ്ങളിലെ പുരുഷമേധാവിത്വ പ്രവണതകൾ സ്ത്രീകളെ ഈ മേഖലയിൽ നിന്ന് അകന്നുനിൽക്കാൻ നിർബന്ധിതരാക്കുന്ന ഗുരുതരമായ സാഹചര്യമാണ് രാജ്യത്ത് നിലനിൽക്കുന്നതെന്ന് പറയുന്നതിനെ ഗൗരവകരമായിത്തന്നെ കാണേണ്ടിയിരിക്കുന്നു. ക്രൂരമായി പീഡിപ്പിക്കപ്പെടുമ്പോഴും നിയമസംരക്ഷണം ലഭിക്കാതെ ചകിതരായി കഴിയേണ്ടിവരുന്നവരിൽ ഏറിയപങ്കും ദുർബല വിഭാഗങ്ങളായ ദലിതരും ന്യൂനപക്ഷങ്ങളുമാണെന്ന് ലേഖനം അടിവരയിട്ട് പറയുന്നു. വാളയാറിൽ ദലിത് ബാലികമാർ ക്രൂരമായി പീഡിപ്പിക്കപ്പെട്ട ശേഷം കൊന്ന് കെട്ടിത്തൂക്കിയിട്ട്, 'കെട്ട് മുറികിയിരുന്നില്ല' എന്ന കാരണത്താൽ കെട്ടിത്തൂക്കിയതല്ലെന്നും പാലത്തായിയിൽ പീഡിപ്പിക്കപ്പെട്ട കൊച്ചുകുഞ്ഞ് പറയുന്നതെല്ലാം വാസ്തവവിരുദ്ധമെന്നുമെല്ലാം പറയുമ്പോഴാണ് പീഡിപ്പിക്കപ്പെട്ട ഇരകൾക്ക് മരണത്തിനുശേഷവും നീതി, നീതിയെന്നു പറഞ്ഞ് വിലപിക്കേണ്ടിവരുന്നത്.

◆ ദിലീപ് വി. മുഹമ്മദ്, മൂവാറ്റുപുഴ

## മികച്ച കപ്പൽകഥ

അമേരിക്കൻ നവോത്ഥാന കാലഘട്ടത്തിലെ രചനയായ മൊബിഡിക്കും പ്രശസ്തമായ കിഴവനും കടലും 21ാം നൂറ്റാണ്ടിലും ആഘോഷിക്കപ്പെടുന്ന ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർ ടോൾഡുമൊക്കെ ഇടക്കിടെ വല്ലാതെ നമ്മെ ഹോണ്ട് ചെയ്യുമെങ്കിലും ഒക്ടോബർ വിപ്ലവത്തിന് വിത്തുപാകിയ ബാറ്റിൽഷിപ് പൊട്ടംകിനാണ് എക്കാലവും എന്നെ പിടിച്ചുലക്കുന്ന കടൽ/കപ്പൽക്കഥ. ഈയാഴ്ച ഒരു മികച്ച കപ്പൽകഥ വായിച്ചതുകൊണ്ടാണ് ഈ മുഖവുര എഴുതിയത്. ഗോവിന്ദ് ആർ. കുറുപ്പിന്റെ ഇരുപത്തിനാലാമത്തെവൻ എന്ന കഥയും (ലക്കം: 1182) ആഖ്യാനവും ഗംഭീര അനുഭവമായിരുന്നു. നമ്മിൽ പലർക്കും അപരിചിതമായ കപ്പൽജീവിതത്തിലെ സംഭവമാണ് ഗോവിന്ദ് വിവരിക്കുന്നത്. ഗോവിന്ദ് കഥയിലൂടെ നമ്മെ അനായാസം മുന്നോട്ടു കൊണ്ടുപോവുകയാണ്. ഇതിനിടെ ആകസ്മികമായി കണ്ടെത്തുന്ന ആ അര മീറ്റർ മാംസത്തിലേക്ക് നയിക്കുന്ന ഈച്ചകൾക്കും ഉറുമ്പുകൾക്കും പിന്നിൽ ഒളിഞ്ഞിരിക്കുന്ന രാഷ്ട്രീയവും ആഖ്യാനം ചെയ്യുന്ന ആ ആവിഷ്കാരശൈലിയും അഭിനന്ദനീയം. ഭരണകൂടം മറവിയുടെ ചവറ്റുകൂനയിലേക്ക് തള്ളാൻ ശ്രമിക്കുന്ന പൗരത്വപ്രശ്നത്തിലേക്ക് നമ്മെ വീണ്ടും കൂട്ടിക്കൊണ്ടുപോകുന്ന, അനാവശ്യമായി വാചാലമാകാതെ നാലു പേജിൽ ഒതുക്കിയ ഈ കഥ പലായനം ചെയ്യപ്പെടുന്ന ആഫ്രിക്കൻ ദരിദ്രജനതയുടെ പ്രതീക്ഷകളെ മാത്രമല്ല, രക്ഷപ്പെടാനാവാതെ കുടുങ്ങിക്കിടക്കുന്ന മനുഷ്യരുടെയും ബോധാബോധതലങ്ങളെ പ്രതിനിധാനംചെയ്യുന്നതാണ്.

◆ ഷുജാസ് എസ്.എ (ഫേസ്ബുക്ക്)

**അറിയിപ്പ്**

### ചെറുകഥ രചനാമത്സരം


മലയാളത്തിലെ ആദ്യ ചെറുകഥാകാരനായ കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ ചരമവാർഷികത്തോടനുബന്ധിച്ച് ഫെയ്സ് മാതമംഗലത്തിന്റെ നേതൃത്വത്തിലുള്ള കേസരി നായനാർ പുരസ്കാര സമിതി സംസ്ഥാന തലത്തിൽ ചെറുകഥ രചനാമത്സരം നടത്തുന്നു. 35നുള്ളിൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം. കഥകൾ A4 സൈസ് പേപ്പറിൽ അഞ്ചു പുറത്തിൽ കവിയരുത്. നവംബർ 30നകം ഇ-മെയിലായി അയക്കേണ്ടതാണ് (sunukumar.kv@gmail.com). പ്രായം തെളിയിക്കുന്നതിനായി SSLCയുടെ പകർപ്പോ /ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പോ മെയിലിനൊപ്പം അയക്കണം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സർട്ടിഫിക്കറ്റും യഥാക്രമം 5000, 3000, 2000 രൂപ വീതം കാഷ് അവാർഡും നൽകുന്നതായിരിക്കും.


പുസ്തക വാർത്ത

കുട്ടികൾക്ക് ആസ്വദിക്കാവുന്ന പ്രശസ്തരുടെ കഥകൾ

അതിരിൽ പൂത്തുനിന്ന മരങ്ങൾ

മലയാറ്റൂർ




₹ 120

ഹയർസെക്കൻഡറിതലം വരെയുള്ള കുട്ടികളിൽ മലയാളത്തിലെ ലബ്ധപ്രതിഷ്ഠരായ എഴുത്തുകാരുടെ കഥാലോകത്തെ പരിചയപ്പെടുത്തിക്കൊണ്ട് അവരിൽ വായനാശീലം വളർത്തുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പരമ്പരയാണ് കഥാമാലിക.

കഥാമാലികയിലെ മറ്റു പുസ്തകങ്ങൾ

• മാഞ്ചുവട്ടിൽ - തകഴി • തേന്മാവ് - ബഷീർ • അനിയൻ - കേശവദേവ് • അമ്മയും മകനും - മാധവിക്കുട്ടി • മഞ്ഞനിറമുള്ള റോസാപ്പൂവ് - ടി. പത്മനാഭൻ • അപ്പം ചുടുന്ന കുങ്കിയമ്മ - എം. മുകുന്ദൻ • അ എന്ന വേട്ടക്കാരൻ - സക്കറിയ

ഇപ്പോൾ വില്പനയിൽ

Customercare: 0481-256 3114, 9846133336
E-mail: customercare@dcbooks.com
Online : www.dcbooks.com
www.dcbookstore.com
Follow us on f / dcbooks

# ‘പന നന’ച്ച് മലയാള അക്ഷരപഠനത്തെ പരിഷ്കരിച്ച ഒരാൾ

മലയാള ഭാഷയുടെ വികാസത്തിൽ സുപ്രധാന പങ്കുവഹിച്ച, പാഠ്യപദ്ധതി ചരിത്രത്തിൽ സുപ്രധാന മാറ്റം അവതരിപ്പിച്ച വ്യക്തിയാണ് ലിസ്റ്റൻ ഗാർത്തുവേറ്റ്. അക്ഷരമാലാക്രമത്തിൽ മലയാളം എഴുതാൻ പഠിക്കുന്നവർക്ക് ചുറ്റുകൾ ഏറെയുള്ള അ, ആ, ഇ, ഈ തുടങ്ങിയ സ്വരാക്ഷരങ്ങളെയാണ് തുടക്കത്തിലേ അഭിമുഖീകരിക്കേണ്ടിയിരുന്നത്. ഇതുമൂലം മലയാള അക്ഷരങ്ങൾ പഠിച്ച് തുടങ്ങാനുള്ള ബുദ്ധിമുട്ട് ഏറെയായിരുന്നു. അതിൽനിന്ന് മാറി, രൂപത്തിൽ ലളിതമായ പ, ന, റ, ര, ത തുടങ്ങിയ ലളിതാക്ഷരങ്ങളിൽ പഠനമാരംഭിക്കുന്ന ഇന്നത്തെ ശൈലി 1870കളിൽ ലിസ്റ്റൻ ഗാർത്തുവേറ്റ് തുടങ്ങി വെച്ചതാണ്. എന്നാൽ, കേരളം ഗാർത്തുവേറ്റ് സായിപ്പിനെ വേണ്ടവിധത്തിൽ അംഗീകരിക്കുകയോ ഓർക്കുകയോ ചെയ്തിട്ടില്ല. ഗാർത്തുവേറ്റ് സായിപ്പിന്റെ അപൂർവ ഫോട്ടോ കണ്ടെടുക്കുന്നതിനൊപ്പം അദ്ദേഹത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണ സംഭാവനകളെപ്പറ്റി എഴുതുകയാണ് യുവ ഗവേഷകരായ ലേഖകർ.

ഷിജു അലക്സ്, സിബു സി.ജെ, സുനിൽ വി.എസ്



ലിസ്റ്റൻ ഗാർത്തുവേറ്റ് 1919 ജനുവരി 11ന് The Mail എന്ന ആസ്ട്രേലിയൻ പത്രത്തിൽ ഗാർത്തുവേറ്റിന്റെ ചരമവാർത്തയോടൊപ്പം ചേർത്തിരുന്ന ഫോട്ടോ

## ആമുഖം

മലയാള എഴുത്തുപഠനത്തിൽ അക്ഷരമാലയെ അതിന്റെ തനതായ ക്രമത്തിൽ പഠിപ്പിക്കുന്ന രീതിയാണ് പരമ്പരാഗതമായി കേരളത്തിൽ നിലനിന്നിരുന്നത്. ആദ്യം അക്ഷരമാലയിലെ സ്വരങ്ങൾ പഠിപ്പിക്കും; പിന്നെ വ്യഞ്ജനങ്ങൾ. അതിനെ തുടർന്ന് വ്യഞ്ജനസ്വരസംയുക്തങ്ങൾ എന്നിങ്ങനെയായിരുന്നു ആ ക്രമം. അക്ഷരമാല സ്വനവിജ്ഞാനപരമായി ചിട്ടപ്പെടുത്തിയതിനാലും, അതിന്റെ ക്രമമായ പഠനത്തിലൂടെ ഉച്ചാരണം കൃത്യമായി പഠിപ്പിക്കാനാകുമെന്ന ധാരണയിലുമാകും ഈ പാഠ്യക്രമം സ്വീകരിച്ചിരുന്നത്. ജനസമൂഹത്തിലെ വളരെ ചെറിയൊരു വിഭാഗത്തിന് മാത്രം പഠനം പ്രാപ്യമായിരുന്ന അക്കാലത്ത്, കുട്ടി അൽപം മുതിർന്നതിന് ശേഷം പഠനം ആരംഭിച്ചിരുന്ന ഗുരുകുല പാഠ്യക്രമത്തിൽ അ-ആ എന്ന് എഴുതി തുടങ്ങുന്ന രീതി സുഗമമായിരുന്നു. ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ വരികൾ സാന്ദർഭികമായി ഓർക്കാം. ഏഴ് വയസ്സ് കഴിഞ്ഞ് കണ്ണും കാതും ഉറച്ചതിന് ശേഷമാണ് ഉണ്ണി പള്ളിക്കൂടത്തിലെത്തുന്നത്:

*“ഉണ്ണിക്കേഴു വയസ്സു കഴിഞ്ഞു,*
*കണ്ണും കാതുമുറച്ചു കഴിഞ്ഞു,*
*പള്ളിക്കൂടത്തിൽപ്പോയിപ്പഠിക്കാ-*
*നുള്ളിൽക്കൗതുകമേറിക്കഴിഞ്ഞു*

ഇങ്ങനെ അക്ഷരമാലാപഠനം പൂർത്തിയാക്കിയതിന് ശേഷം കൂട്ടക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ എന്നിങ്ങനെ പഠനം വികസിക്കുന്നു. ഈ പ

രമ്പരാഗത രീതിയിൽ, എഴുതാൻ പഠിക്കുന്നതിന്റെ തുടക്കത്തിൽത്തന്നെ, ചുറ്റുകൾ ഏറെയുള്ള 'അ', 'ആ' എന്നീ സ്വരാക്ഷരങ്ങളെയാണ് കുട്ടികൾ അഭിമുഖീകരിക്കുന്നത്. അത് സ്വായത്തമാക്കാൻ കുട്ടികൾ കുറച്ചധികം സമയമെടുക്കുമെങ്കിലും 'അ' നന്നായി എഴുതാൻ പഠിച്ചാൽ ബാക്കി അക്ഷരങ്ങൾ പെട്ടെന്ന് വഴങ്ങിക്കൊള്ളുമെന്ന ന്യായംകൂടി ഈ രീതിക്ക് അനുകൂലമായി പറഞ്ഞിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതിയിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വർധിച്ചതോടെ കൂടുതൽ ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുങ്ങി. ചെറുപ്രായത്തിൽത്തന്നെ കുട്ടികൾ സ്കൂളുകളിൽ ചേരാൻ ആരംഭിച്ചു. സ്കൂളുകളിലെ ആവശ്യത്തിന് പഠനസഹായികളും പാഠപുസ്തകങ്ങളും നിർമിക്കപ്പെട്ടു. ഗുണ്ടർട്ടിനേയും ഗാർത്തുവേറ്റിനേയും പോലുള്ള സ്കൂൾ ഇൻസ്പെക്ടർമാർ സ്കൂളുകളിലെ പഠനനിലവാരത്തെ വിലയിരുത്താനും ആരംഭിച്ചു. ഏറ്റവും താഴ്ന്ന ക്ലാസിൽ പരമ്പരാഗത ശൈലിയിലുള്ള പാഠപുസ്തകം ഉപയോഗിച്ചുള്ള മലയാള അക്ഷരപഠനം വിദ്യാർഥികൾക്ക് കഠിനമാകുന്നുവെന്ന് കണ്ട്, അക്കാലത്ത് കേരളത്തിൽ പ്രവർത്തിച്ചിരുന്ന യൂറോപ്യന്മാരിൽ ചിലർ അതിന് പകരമായി ഒരു നൂതനരീതി ആവിഷ്കരിച്ചു. മലയാള അക്ഷരമാലയിൽ രൂപത്തിൽ ലളിതമായ കുറച്ച് അക്ഷരങ്ങളും അതിനൊപ്പം തന്നെ ആ ലളിതാക്ഷരങ്ങൾ ഉൾപ്പെടുന്ന വാക്കുകളും വാചകങ്ങളും ആദ്യം പഠിപ്പിച്ച്, ക്രമേണ സങ്കീർണ അക്ഷരങ്ങളും മറ്റും പഠിപ്പിക്കുകയും അതിനെ വികസിപ്പിച്ച് മലയാളമെഴുത്തും വായനയും പഠിപ്പിക്കുകയുംചെയ്യുന്ന ഒരു രീതിയാണ് അവർ ആവിഷ്കരിച്ചത്.

## ആദ്യകാല പാഠപുസ്തകങ്ങൾ

ചെറിയ കുട്ടികളെ മലയാളമെഴുത്തും വായനയും പഠിപ്പിക്കുന്ന രീതിയുടെ വിശദാംശങ്ങൾ തിരയാനായി മലയാള അക്ഷരപഠനത്തിനുള്ള ആദ്യകാല പാഠപുസ്തകങ്ങൾ പരിശോധിക്കണം. എന്നാൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കേരളത്തിൽ മലയാള അക്ഷരപഠനത്തിന് ഉപയോഗിച്ച സാമഗ്രികൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. കാലപ്പഴക്കംമൂലവും ഇത്തരം രേഖകൾ സൂക്ഷിച്ച് വെക്കുന്നതിൽ നമ്മൾ പുലർത്തുന്ന അലംഭാവംമൂലവും ആദ്യകാല പഠനസാമഗ്രികളുടെ തെളിവുകൾ ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. അക്കാലം കഴിഞ്ഞ്, ഏതാണ്ട് പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതി മുതലുള്ള തെളിവുകളാണ് ലഭ്യമായിരിക്കുന്നത്.


## ഗുണ്ടർട്ടിന്റെ പാഠാരംഭം

ഇതുവരെയുള്ള തെളിവുകൾ വെച്ച്, ലഭ്യമായിരിക്കുന്ന ഏറ്റവും പഴയ മലയാള അക്ഷരപഠന പാഠപുസ്തകം 1851ൽ ഗുണ്ടർട്ട് ഇറക്കിയ പാഠാരംഭം ആണ്.

ഈ പുസ്തകത്തെപ്പറ്റി സ്കറിയ സക്കറിയ താഴെ പറയുന്നവിധം കുറിക്കുന്നു:

*"മലയാളലിപികൾ, അക്ഷരസംഖ്യയനുസരിച്ച് ക്രമീകരിച്ച വാക്കുകൾ, പഴമൊഴികൾ, മഹാഭാരതാദി ഇതിഹാസങ്ങളിൽനിന്നുള്ള ലളിതഭാഗങ്ങൾ എന്നിവയാണ് ഉള്ളടക്കം... മലയാളത്തിലെ പ്രഥമ മലയാളപാഠപുസ്തകം എന്ന ബഹുമതി ഈ കൃതിക്കാണെന്നു തോന്നുന്നു...*

• (സ്കറിയ സക്കറിയ, 1989, പേജ് 416)



ഗുണ്ടർട്ടിന്റെ പാഠാരംഭത്തിലെ (1851) ആദ്യപാഠം

പാഠാരംഭത്തിൽ, പരമ്പരാഗത ശൈലിയിൽ അക്ഷരമാല പരിചയപ്പെടുത്തിയാണ് ഗുണ്ടർട്ട് മലയാള അക്ഷരപഠനം തുടങ്ങുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ

**1859ൽ ഗുണ്ടർട്ടിന്റെ പിൻഗാമിയായി മലബാർ-കാനറ പ്രദേശത്തെ ഡെപ്യൂട്ടി സ്കൂൾ ഇൻസ്പെക്ടറായാണ് ഗാർത്തുവേറ്റ് (പൂർണ നാമം: ജെയിംസ് ഗ്രാൻറ് ലിസ്റ്റൻ ഗാർത്തുവേറ്റ്) കേരളത്തിലെ തന്റെ പ്രവർത്തനം ആരംഭിക്കുന്നത്. തുടക്കകാലത്ത് ഗുണ്ടർട്ട് തുടങ്ങിവെച്ച സംഗതികൾ മെച്ചപ്പെടുത്താനാണ് ഗാർത്തുവേറ്റ് ശ്രമിച്ചിട്ടുള്ളത്.**

ഉത്തരാർധത്തിൽ മലബാറിലെ വിദ്യാലയങ്ങളിൽ (സർക്കാർ വിദ്യാലയങ്ങളിലും മിഷനറി വിദ്യാലയങ്ങളിലും) അധ്യയനം ആരംഭിച്ചതിന് ശേഷം ആദ്യഘട്ടത്തിൽ ഗുണ്ടർട്ടിൻെറ പാഠാരംഭമാണ് പാഠപുസ്തകമായി ഉപയോഗിച്ചത്. ഈ പാഠപുസ്തകത്തിൻെറ കുറച്ചധികം പതിപ്പുകൾ പിൽക്കാലത്ത് ഇറങ്ങിയിട്ടുണ്ട്. 1851ലെ ഒന്നാം പതിപ്പിൻെറയും 1871ലെ പതിനൊന്നാം പതിപ്പിൻെറയും ഡിജിറ്റൽ സ്കാനുകൾ ഇപ്പോൾ പരിശോധനക്കായി ലഭ്യമാണ്. ഗുണ്ടർട്ട് 1857ൽ മലബാർ-കാനറ പ്രദേശത്തെ സ്കൂൾ ഇൻസ്പെക്ടറായി സ്ഥാനമേറ്റതിന് ശേഷം പാഠാരംഭം ഔദ്യോഗിക മലയാള പാഠപുസ്തകം ആവുകയും അതുമൂലം ഈ പാഠപുസ്തകം കൂടുതൽ അച്ചടിച്ചിരിക്കുകയും ചെയ്തിരിക്കാം. അങ്ങനെയാവണം 1871 ആയപ്പോഴേക്കും പതിനൊന്ന് പതിപ്പുകൾ ഇറങ്ങിയത് (1882ൽ പാഠാരംഭത്തിൻെറ പതിമൂന്നാം പതിപ്പ് ഇറങ്ങി (സ്കറിയ സക്കറിയ, 2016, പേജ് 568).

1851ൽ ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ച പാഠാരംഭം, 1871ലെ പതിനൊന്നാം പതിപ്പിൽ എത്തുമ്പോൾ പേര് വലിയ പാഠാരംഭം എന്നായിട്ടുണ്ട്. പാഠഭാഗങ്ങളെ കുറിച്ചുള്ള ചില അടിക്കുറിപ്പ് വിശദീകരണങ്ങളും മുഖവുരയും എഴുത്തുകളെ കുറിച്ചുള്ള ന്യായങ്ങളും ചേർത്തിട്ടുണ്ട് എന്നതൊഴിച്ചാൽ 1851ലെ പതിപ്പും 1871ലെ പതിപ്പും തമ്മിൽ മുഖ്യ ഉള്ളടക്കത്തിൻെറ കാര്യത്തിൽ വലിയ വ്യത്യാസം ഒന്നുമില്ല.

## കേരളവർമയുടെ ഒന്നാം പാഠം

ഗുണ്ടർട്ടിൻെറ പാഠാരംഭത്തിന് ശേഷം പരിശോധിക്കാനുള്ള ആദ്യകാല പാഠപുസ്തകം, കേരളവർമയുടേതാണ്. 1867ൽ തിരുവിതാംകൂറിൽ ടെക്സ്റ്റ്ബുക്ക് കമ്മിറ്റി രൂപവത്കരിക്കുകയും തുടർന്നുള്ള വർഷങ്ങളിൽ ക്രമേണ പാഠപുസ്തകങ്ങൾ പുറത്തിറക്കുകയും ചെയ്തു. കേരളവർമയുടെ ഒന്നാം പാഠം ഏകദേശം 1870നോടടുത്ത് പുറത്തുവന്നുവെന്ന് ഊഹിക്കാം. കേരളവർമയുടെ ഒന്നാം പാഠപുസ്തകത്തെക്കുറിച്ച് 'മലയാളഗദ്യത്തിൻെറ വികാസത്തിന് കേരളവർമയുടെ സംഭാവന' എന്ന പ്രബന്ധത്തിൽ വി. ഗംഗാധരൻ നായർ ഇങ്ങനെ പറയുന്നു:

*ഒന്നാം പാഠമാരംഭിക്കുന്നത് അക്ഷരങ്ങൾ പരിചയപ്പെടുത്തിക്കൊണ്ടാണ്. തുടർന്ന് പദങ്ങൾ, വാക്യങ്ങൾ എന്ന രീതിയാണ് രചനയിൽ അവലംബിച്ചിരിക്കുന്നത്. അക്ഷരമാല എന്നതിനുപകരം പദലത എന്ന ശീർഷകമാണ് ചേർത്തിരിക്കുന്നത്. സ്വരങ്ങളിൽ 'ഏ', 'ഓ' എന്നീ ദീർഘരൂപങ്ങൾ ഇല്ല. ഇകാരത്തിൻെറ ദീർഘത്തിന് തമിഴ് ലിപിയോട് സാദൃശ്യമുള്ളവയും അനുസ്വാരത്തിന് സംസ്കൃതത്തെപോലെ അമ-യുമാണ് കാണുന്നത്. വ്യഞ്ജനങ്ങളുടെ കൂട്ടത്തിൽ 'ക്ഷ'ക്കു സ്ഥാനം കൊടുത്തിട്ടുണ്ട്.*

- (വി. ഗംഗാധരൻ നായർ, 1981, പേജ് 64)

വി. ഗംഗാധരൻ നായരുടെ വിശദീകരണം അനുസരിച്ച് ഈ പാഠപുസ്തകത്തിലും ഗുണ്ടർട്ടിൻെറ പാഠപുസ്തകത്തിലെ പോലെ പരമ്പരാഗത രീതിയിലൂടെയാണ് അക്ഷരപഠനം ആരംഭിക്കുന്നതെന്ന് കാണാം.

## ഗാർത്തുവേറ്റിൻെറ പരിഷ്കരണം

1859ൽ ഗുണ്ടർട്ടിൻെറ പിൻഗാമിയായി മലബാർ-കാനറ പ്രദേശത്തെ ഡെപ്യൂട്ടി സ്കൂൾ ഇൻസ്പെക്ടറായാണ് ഗാർത്തുവേറ്റ് (പൂർണ നാമം: ജെയിംസ് ഗ്രാൻറ് ലിസ്റ്റൻ ഗാർത്തുവേറ്റ്) കേരളത്തിലെ തൻെറ പ്രവർത്തനം ആരംഭിക്കുന്നത്. തുടക്കകാലത്ത് ഗുണ്ടർട്ട് തുടങ്ങിവെച്ച സംഗതികൾ മെച്ചപ്പെടുത്താനാണ് ഗാർത്തുവേറ്റ് ശ്രമിച്ചിട്ടുള്ളത്. പാഠപുസ്തകങ്ങൾക്ക് പുറമെ ഗുണ്ടർട്ട് വ്യാകരണമടക്കം പല പ്രമുഖ ഗുണ്ടർട്ട് കൃതികളും പരിഷ്കരിച്ച് പ്രസിദ്ധീകരിക്കാൻ ഗാർത്തുവേറ്റ് ശ്രമിച്ചു. ഇതുസംബന്ധിച്ച വിശദാംശങ്ങൾക്ക് സ്കറിയാ സക്കറിയയുടെ (സ്കറിയ സക്കറിയ, 2016) വിവിധ പഠനങ്ങൾ കാണുക.

## ഗാർത്തുവേറ്റിൻെറ ഒന്നാം പാഠപുസ്തകം

ഗാർത്തുവേറ്റ് 1873ൽ പ്രസിദ്ധീകരിച്ച ഒന്നാം പാഠപുസ്തകത്തിൻെറ മൂന്നാം പതിപ്പാണ് ഗുണ്ടർട്ടിൻെറയും കേരളവർമയുടെയും പാഠാവലികൾക്ക് ശേഷം അക്ഷരപഠനത്തിനുള്ള പാഠപുസ്തകങ്ങളുടെ അടുത്ത തെളിവായി ലഭിക്കുന്നത്. 1873ൽ മൂന്നാം പതിപ്പ് ഇറങ്ങിയ സ്ഥിതിക്ക് ഇതിൻെറ ഒന്നാം പതിപ്പ് ഏകദേശം 1870നോടടുത്ത് ഇറങ്ങിയെന്ന് ഊഹിക്കാം.

മലയാള അക്ഷരപഠനത്തിൽ വിപ്ലവാത്മകമായ പരിഷ്കരണം അവതരിപ്പിച്ചുകൊണ്ട്, ഗാർത്തുവേറ്റ് ഒന്നാം പാഠപുസ്തകത്തിൻെറ മുഖവുരയിൽ (ഗുരുക്കന്മാർക്കായി) താഴെ പറയുന്ന വിധം എഴുതി:

*ഇതുവരെ കണ്ടും കേട്ടും വന്നപ്രകാരം, കുട്ടികൾ ഏകദേശം ഒരു കൊല്ലത്തോളം 'അ, ആ, ഇ, ഈ' എന്നിങ്ങനെ പറഞ്ഞുംകൊണ്ട് മണലിൽ എഴുതിവരുന്നു. ഇപ്രകാരം ഒരു കൊല്ലം വെറുതെ കഴിച്ചതിൻെറ ശേഷം മാത്രമെ, വായിപ്പാൻ തുടങ്ങുന്നുള്ളൂ. ഇതു ഇനിമേൽ നിർത്തൽ ചെയ്യണമെന്നും കുട്ടികൾ ആദ്യം തുടങ്ങി തന്നെ ഓലയിലും പുസ്തകത്തിലും വായിച്ചു പഠിക്കണമെന്നും ഉള്ള ആഗ്രഹംകൊണ്ട് ഈ ഒന്നാം പാഠപുസ്തകം ഉണ്ടാക്കിയിരിക്കുന്നു. എല്ലാ അക്ഷരങ്ങളും ഒന്നായി ആദ്യം തന്നെ പഠിപ്പിക്കുന്നത് കുട്ടികളുടെ മനസ്സിനും ഗുരുക്കന്മാർക്കും വളരെ അധ്വാനമുള്ളതാകുന്നു. ആയതുകൊണ്ട് അവ ഈ പുസ്തകത്തിൽ കാണിച്ചപ്രകാരം പഠിപ്പിക്കേണ്ടതാകുന്നു. അതാവിതു: ഓരോ പാഠത്തിൻെറ ആദ്യം എഴുതിയിരിക്കുന്ന മൂന്നക്ഷരങ്ങളുടെ പേരും ആകൃതിയും നല്ലവണ്ണം ധരിപ്പിച്ചതിൻെറ ശേഷം അവറ്റാൽ ഉണ്ടാക്കപ്പെട്ട താഴെ എഴുതിയ വാക്കുകളെ പറയിച്ചഭ്യസിപ്പിക്കുകയും, ആ വക വാക്കുകൾ പിന്നെ മണലിൽ കുട്ടികളെ കൊണ്ട് പകർത്തെഴുതിപ്പിക്കയും വേണം.*


- (എൽ. ഗാർത്തുവേറ്റ്, 1873, പേജ് 3)

ഗാർത്തുവേറ്റിൻെറ ഒന്നാം പാഠപുസ്തകത്തിലെ ആദ്യത്തെ പാഠത്തിൽ, ഉച്ചാരണത്തിലും എഴുത്തിലും ലളിതമായ പ, ന, ല എന്നീ അക്ഷരങ്ങളും ദീർഘചിഹ്നവും അനുസ്വാരവും ഇതൊക്കെയുപയോഗിച്ചുള്ള ചെറിയ വാക്കുകളുമാണ് അവതരിപ്പിക്കുന്നത്. കുറച്ച് ലളിതാക്ഷരങ്ങൾ പഠിച്ച് കഴിഞ്ഞാൽ ഉടൻ തന്നെ ആ അക്ഷരങ്ങൾ




ഗാർത്തുവേറ്റിന്റെ ഒന്നാം പാഠപുസ്തകത്തിലെ (1873) ഒന്നാം പാഠം, പേജ് 5

ഉപയോഗിച്ചുള്ള വാക്കുകളും തൊട്ടുപിന്നാലെ ആ അക്ഷരങ്ങൾ തന്നെ ഉപയോഗിച്ചുള്ള വാചകങ്ങളും പഠിപ്പിക്കുകയെന്ന ശൈലിയാണ് ഗാർത്തുവേറ്റ് അവതരിപ്പിച്ചത്. അക്ഷരമാല മൊത്തം പഠിച്ച് കഴിഞ്ഞ് വാക്കുകളും വാക്യങ്ങളും ഒക്കെ പഠിപ്പിക്കുന്ന പരമ്പരാഗത ശൈലിയിൽനിന്നുള്ള വലിയ മാറ്റം ആയിരുന്നു ഇത്. ഗാർത്തുവേറ്റിന്റെ അഭിപ്രായത്തിൽ, തന്റെ ഈ പഠനശൈലി പിന്തുടരുന്ന കുട്ടികൾക്ക് മൂന്നോ നാലോ മാസംകൊണ്ട് മലയാളം സുഗമമായി വായിക്കാനായി. പഠിത്തത്തിൽ പിന്നാക്കമായ കുട്ടികൾപോലും ആറുമാസംകൊണ്ട് തട്ടും തടസ്സവുമില്ലാതെ വായിക്കാനാരംഭിച്ചു.


and Tamil books are in substance identical. Mr. Garthwaite writes as follows :—


" Of the Reading Books in Tamil and Telugu I cannot speak highly. The First Books begin with the alphabet, and till a child has learned all the combinations in Telugu, some half thousand, he cannot read the first half dozen lessons. Now even an intelligent child takes, in most elementary schools, a year before he knows the alphabet sufficiently to begin to read. I have made, in Canarese and Malayalam, First Books on a different plan, by which one or two combinations, beginning with the easiest, are taught at a time, and combined into easy words, and then, after the first two or three lessons, into easy sentences. On this method the child, from the beginning of the alphabet, learns to read, and by the time he has learned the whole alphabet, can read fluently long stories.* On this method children learn to read in three or four months, and even dull children, not knowing a letter when they begin, read fluently in six months.

Report of the Committee for the Revision of English, Telugu, and Tamil School Books in the Madras Presidency Report, 1875, പേജ് 51

ലളിതമായ അക്ഷരങ്ങളുപയോഗിച്ച് തുടങ്ങാൻ നിർദേശിച്ചെങ്കിലും അക്ഷരങ്ങൾ തമ്മിൽ എഴുത്തിലുള്ള രൂപസാമ്യത്തെ ഒരു പരിധിക്കപ്പുറം ഗാർത്തുവേറ്റ് പരിഗണിച്ചിരുന്നില്ല.


അതുപോലെ ആദ്യപാഠത്തിൽത്തന്നെ പരിചയപ്പെടുത്തുന്ന 'ന'-ക്ക് ദന്ത്യവും വർത്സ്യവുമായ രണ്ട് ഉച്ചാരണങ്ങൾ ഉള്ളത് കുട്ടികളിൽ ഉണ്ടാക്കുമായിരുന്ന ആശയക്കുഴപ്പം ഗാർത്തുവേറ്റ് പരിഗണിച്ചിരുന്നോയെന്ന് സംശയമുണ്ട്.

പുസ്തകം നാലോ അഞ്ചോ പാഠങ്ങൾ മുന്നേറുമ്പോൾ, പുതുതായി പഠിക്കുന്ന അക്ഷരങ്ങൾ ഉപയോഗിച്ചുള്ള ഒറ്റവാക്കുകൾക്ക് ഊന്നൽ നൽകിയുള്ള പഠനവും ഗാർത്തുവേറ്റിന്റെ പാഠപുസ്തകത്തിലില്ല. ആ അക്ഷരങ്ങൾ ഉൾപ്പെടുന്ന വാചകങ്ങൾക്കാണ് തുടർന്നുള്ള ഊന്നൽ. ഉദാഹരണത്തിന്, അഞ്ചാം പാഠത്തിൽ 'ക' പരിചയപ്പെടുത്തുന്ന ഭാഗം കാണുക:




ഗാർത്തുവേറ്റിന്റെ ഒന്നാം പാഠപുസ്തകത്തിലെ (1873) അഞ്ചാം പാഠം, പേജ് 9

ഓരോ പാഠത്തിലും പുതുതായി പരിചയപ്പെടുത്തുന്ന അക്ഷരങ്ങൾ ഉൾപ്പെട്ടിട്ടുള്ള വാക്കുകൾ പ്രത്യേകം നൽകാത്തതിനാൽ, കൂടെക്കൊടുത്തിട്ടുള്ള വാചകങ്ങളിൽനിന്ന് അവ തപ്പിയെടുക്കേണ്ട ബുദ്ധിമുട്ട് പഠിതാവിനുണ്ടാകും.




ഗാർത്തുവേറ്റിന്റെ ഒന്നാം പാഠപുസ്തകം (1881), പേജ് 33

പിൽക്കാലത്തുണ്ടായ മലയാള പാഠാവലികളിൽ ആദ്യത്തെ പാഠത്തിൽ തന്നെ 'റ' ഉൾപ്പെടുത്തുന്നു. എങ്കിലും ഗാർത്തുവേറ്റ് അത് ഒൻപതാം പാഠത്തിൽ മാത്രമാണ് അവതരിപ്പിക്കുന്നത്.



ഗാർത്തുവേറ്റിന്റെ ഒന്നാം പാഠപുസ്തകം (1881), പേജ് 13

'റ' എഴുത്തിൽ ഏറ്റവും ലളിതമായ ലിപിയാണെങ്കിലും അതിന്റെ ഉച്ചാരണം തുടക്കക്കാർക്ക് ബുദ്ധിമുട്ടാകും എന്നതിനാലോ, സംസ്കൃത അക്ഷരമാലയിൽ ഇല്ലാത്ത 'റ' ആദ്യം പഠിപ്പിക്കുന്നതിൽ എതിർപ്പുണ്ടാകുമോയെന്ന് സംശയിച്ചോ ആയിരിക്കാം ഗാർത്തുവേറ്റ് ആദ്യ പാഠങ്ങളിൽ പഠനത്തിന് 'റ' നൽകാതിരുന്നത്.

ഞങ്ങൾക്ക് പരിശോധിക്കാനായ ഒന്നാം പാഠപുസ്തകത്തിന്റെ 1881ൽ ഇറങ്ങിയ എട്ടാം പതിപ്പിലും അൽപസ്വൽപം വ്യത്യാസത്തോടെ ഈ ശൈലിയിലുള്ള അക്ഷരപഠനം തുടരുന്നതായി കാണുന്നു.

## ഗാർത്തുവേറ്റിന് ശേഷം ഉണ്ടായ മാറ്റങ്ങൾ

ഗാർത്തുവേറ്റിന് ശേഷം വന്നവർ ഗാർത്തുവേറ്റ് ശൈലിയെ പല വിധത്തിൽ പുനഃക്രമീകരിച്ച് മെച്ചപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. പിൽക്കാല മലയാളപാഠാവലികളിൽ, പഠിപ്പിക്കാനായി തിരഞ്ഞെടുക്കുന്ന ലളിതാക്ഷരങ്ങളുടെ ക്രമത്തിലാണ് പ്രധാനവ്യത്യാസം കാണുന്നത്. ഉപയോഗിക്കുന്ന വാക്കുകളുടെ കാര്യത്തിലും കാലഘട്ടം മാറുന്നതിനനുസരിച്ച് മാറ്റം വന്നു.

ഗാർത്തുവേറ്റ് ശൈലിയെ നവീകരിച്ച ആദ്യവ്യക്തി ജോസഫ് മൂളിയിൽ ആണ്. മദ്രാസ് ക്രിസ്ത്യൻ കോളജിൽ അധ്യാപകനായിരുന്ന ജോസഫ് മൂളിയിൽ ആദ്യകാല മലയാളനോവലുകളിലൊന്നായ 'സുകുമാരി'യുടെ (1897)

**ഗാർത്തുവേറ്റിന് ശേഷം വന്നവർ ഗാർത്തുവേറ്റ് ശൈലിയെ പല വിധത്തിൽ പുനഃക്രമീകരിച്ച് മെച്ചപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. പിൽക്കാല മലയാളപാഠാവലികളിൽ, പഠിപ്പിക്കാനായി തിരഞ്ഞെടുക്കുന്ന ലളിതാക്ഷരങ്ങളുടെ ക്രമത്തിലാണ് പ്രധാന വ്യത്യാസം കാണുന്നത്.**




ജോസഫ് മൂളിയിലിന്റെ ശിശുപാഠപുസ്തകത്തിലെ (1896) ആദ്യ പാഠം, പേജ് 5

രചയിതാവുമാണ്.

ജോസഫ് മൂളിയിൽ 1896ൽ പ്രസിദ്ധീകരിച്ച 'ശിശുപാഠപുസ്തകം' എന്ന പാഠപുസ്തകത്തിന്റെ ഒന്നാം പതിപ്പിന്റെ മുഖവുരയിൽ, സാമ്പ്രദായിക ശൈലിയിൽ സ്വരങ്ങളിൽനിന്ന് അക്ഷരപഠനം ആരംഭിക്കണമെന്ന വാദത്തെ ശക്തമായി ഖണ്ഡിക്കുന്നു:

*സ്വരങ്ങൾ പഠിപ്പിച്ച ശേഷം മാത്രമേ വ്യഞ്ജനത്തോട് സ്വരം ചേർത്തു പഠിപ്പിക്കാവൂ എന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എങ്കിലും സ്വരത്തിന്റെ ആകൃതിയും, വ്യഞ്ജനത്തോടു അതേ സ്വരം ചേരുമ്പോഴുള്ള ആകൃതിയും (ഇ: കി) തമ്മിൽ കാഴ്ചക്കു ഒരു സംബന്ധവുമില്ലാത്തതിനാൽ എഴുത്തും വായനയും പഠിപ്പിക്കുന്നതിൽ ആ ക്രമം അത്ര പ്രമാണിക്കേണ്ടുന്ന ആവശ്യകതയില്ല.*

- (ജോസഫ് മൂളിയിൽ, 1896, പേജ് 3)

മുഖവുരയിൽനിന്നുതന്നെ പുസ്തകത്തിന്റെ ലക്ഷ്യവും പാഠ്യശൈലിയും വ്യക്തമായി മനസ്സിലാക്കാം: *അഞ്ചും ആറും വയസ്സുള്ള കുട്ടികൾക്കു തങ്ങൾ സാധാരണ സംസാരിക്കുന്ന ചെറുവാക്കുകൾ എഴുതാനും വായിപ്പാനും കഴിയുന്ന വേഗത്തിലും എളുപ്പത്തിലും സാധിക്കുമാറാക്കേണം എന്നാകുന്നു ഈ പുസ്തകത്തിന്റെ*

*ആന്തരം. അതുകൊണ്ട് ഏറ്റവും പ്രയാസംകുറഞ്ഞ അക്ഷരംകൊണ്ട് ആരംഭിച്ച് ക്രമേണ ക്രമേണ പ്രയാസമുള്ളവയിലേക്കു പ്രവേശിക്കയാകുന്നു ചെയ്തിട്ടുള്ളത്. ആകൃതിയിൽ അക്ഷരങ്ങൾക്കു തമ്മിലുള്ള തുല്യതാവ്യത്യാസങ്ങൾ കാണിച്ചുംകൊണ്ടു ഏതാനും സാമ്യമുള്ള അക്ഷരങ്ങൾ വഴിക്കുവഴിയായി പഠിപ്പിപ്പാൻ തക്ക മാർഗം എടുത്തിരിക്കുന്നു. എങ്കിലും ഉച്ചാരണത്തിൽ അവ തമ്മിൽ യാതൊരു സംബന്ധവും ഇല്ലെന്നു കുട്ടികളെ ഗ്രഹിപ്പിക്കേണ്ടതാകുന്നു. ചില അക്ഷരങ്ങൾ മുമ്പു പഠിച്ച അക്ഷരങ്ങളോടു അടുത്ത തുല്യതയുള്ളവയാണെങ്കിലും സാധാരണവാക്കുകളിൽ വരാത്തവയാകയാൽ അവയെ കുറെ ദൂരെ ചേർക്കേണ്ടിവന്നിരിക്കുന്നു. മറ്റു ചില അക്ഷരങ്ങൾ സംസ്കൃതപദങ്ങളിൽ മാത്രമേ പ്രയോഗിക്കാറുള്ളൂവെങ്കിലും ആവക പദങ്ങൾ കുട്ടികൾ അറിവാനിടയുള്ളതാകയാൽ ആ അക്ഷരങ്ങൾ ക്രമപ്രകാരം ചേർത്തിട്ടുണ്ട്.*

- (ജോസഫ് മൂളിയിൽ, 1896, പേജ് 3)

എഴുത്തിൽ അക്ഷരങ്ങൾ തമ്മിലുള്ള രൂപസാമ്യത്തെയാണ് ജോസഫ് മൂളിയിൽ പ്രധാനമായും പരിഗണിച്ചത്. കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കുമ്പോൾ, അക്ഷരങ്ങളുടെ ഉച്ചാരണത്തിലെ സാമ്യമല്ല, മറിച്ച് അവയുടെ രൂപസാമ്യത്തിനാണ് പ്രാധാന്യം എന്നും അത് വർഷങ്ങളായുള്ള തന്റെ അധ്യാപനപരിചയത്തിലൂടെ മനസ്സിലാക്കിയിട്ടുണ്ടെന്നും അദ്ദേഹം അവകാശപ്പെട്ടു (1896: 3). അതനുസരിച്ച്, ' റ' എന്ന അക്ഷരത്തിൽ തുടങ്ങി, അതിൽ ഓരോരോ കൂട്ടിച്ചേർക്കലുകൾ വരുത്തി ര, ത, ന എന്നിങ്ങനെ മറ്റ് അക്ഷരങ്ങൾ ക്രമേണ നിർമിച്ചെടുക്കുന്ന ചിട്ടയായ രീതിയാണ് ജോസഫ് മൂളിയിൽ 1896ലെ 'ശിശുപാഠപുസ്തകം' എന്ന പാഠപുസ്തകത്തിൽ അവതരിപ്പിക്കുന്നത്.

'റ' എന്ന അക്ഷരത്തിൽത്തന്നെ മാറ്റം വരുത്തി അനുസ്വാരവും ദീർഘവും വള്ളിയും ഉണ്ടാക്കാൻ പഠിക്കാനും (1904: 5, 6) വെറും മൂന്നാഴ്ചകൾകൊണ്ട് റ, ര, ത, ന, ദീർഘം, അനുസ്വാരം, വള്ളി, ർ, ൻ, ൽ, മ എന്നിവ പഠിച്ച് നിത്യോപയോഗത്തിലുള്ള ഒരുപിടി വാക്കുകൾ എഴുതാനും വായിക്കാനും ഈ പാഠ്യരീതി കുട്ടികളെ പ്രാപ്തരാക്കി. ഗാർത്തുവേറ്റിന്റെ അഭിപ്രായത്തിൽ പരമ്പരാഗത രീതിയിൽ അക്ഷരമാല പഠിക്കാൻ വേണ്ടി മാത്രം കുട്ടികൾ ഒരു വർഷത്തോളം എടുത്തിരുന്നുവെന്ന് മുൻപ് ഉദ്ധരിച്ചിരിക്കുന്നത് കണക്കിലെടുത്താൽ വലിയൊരു കുതിച്ചുചാട്ടമാണ് അക്ഷരപഠനത്തിൽ ഗാർത്തുവേറ്റും പിന്മുറക്കാരും നടത്തിയതെന്ന് മനസ്സിലാക്കാം.

ജോസഫ് മൂളിയിൽ തന്റെ പാഠപുസ്തകത്തിൽ വാക്കുകൾക്കൊപ്പം ചിത്രങ്ങൾ ഉപയോഗിച്ചിരിക്കുന്നത് എടുത്തു പറയേണ്ട കാര്യമാണ്. ആദ്യാക്ഷരങ്ങൾ പഠിക്കുന്ന കുട്ടികൾക്ക് വാക്കുകൾക്കൊപ്പമുള്ള ചിത്രങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ഇവിടെ വിശദീകരിക്കേണ്ട കാര്യമില്ലല്ലോ. 1896 ആയപ്പോഴേക്കും അച്ചടിയിൽ ഉണ്ടായ സാങ്കേതിക വളർച്ച ഇക്കാര്യത്തിൽ ജോസഫ് മൂളിയിലിന് സഹായം ആയിട്ടുണ്ടാവും.

സംസ്കൃതത്തിന് മുൻതൂക്കമുണ്ടായിരുന്ന കാലഘട്ടത്തിൽ, ഒരു 'തമിഴക്ഷരമായ' 'റ' ആദ്യം തന്നെ പഠിപ്പിക്കുന്നതിനെ സംബന്ധിച്ച് വിമർശനം ഉണ്ടായേക്കും എന്ന ആശങ്ക ജോസഫ് മൂളിയിൽ ഈ പുസ്തകത്തിന്റെ ആമുഖത്തിൽ പങ്കുവെക്കുന്നുണ്ട്. തമിഴ്, മലയാളത്തിന്റെ മാതാവാണെന്നും മാതാവിനെ ബഹുമാനിക്കേണ്ടത് നല്ലതാണെന്നും പറഞ്ഞുവെച്ചാണ് അദ്ദേഹം ആമുഖം അവസാനിപ്പിക്കുന്നത്. എന്തായാലും പിൽക്കാലത്ത് ഉണ്ടായ മലയാളപാഠാവലികളിൽ ആദ്യത്തെ പാഠത്തിൽ 'റ' ഉൾപ്പെടുത്തുന്നു. എന്നാൽ 'റ' ആദ്യം തന്നെ പഠിപ്പിക്കുന്നതിനെ ചിലർ വിമർശിക്കുന്നുണ്ട്. പക്ഷേ അതിന്റെ ആധാരം ജോസഫ് മൂളിയിൽ പറഞ്ഞ തമിഴ് ബാന്ധവമല്ല, മറിച്ച് ഉച്ചാരണത്തിനുള്ള ബുദ്ധിമുട്ടാണ് ('വിമർശനങ്ങൾ' എന്ന വിഭാഗം നോക്കുക).

ജോസഫ് മൂളിയിലും, അദ്ദേഹത്തിന് ശേഷം മലയാള അക്ഷരപഠന പാഠപുസ്തകങ്ങൾ നവീകരിച്ചവരും ഗാർത്തുവേറ്റ് ശൈലിയിൽ വരുത്തിയ മാറ്റത്തിനനുസരിച്ചുള്ള മലയാള അക്ഷരപഠന രീതിയാണ് ഇന്ന് വ്യാപകമായി നമ്മൾ ഉപയോഗിക്കുന്നത്. ഇത്തരം പുസ്തകങ്ങളിലെ വിവിധ പാഠങ്ങളിലൂടെ അക്ഷരങ്ങളും വാക്കുകളും വാക്യങ്ങളും ഒക്കെ പഠിച്ച് കഴിഞ്ഞാൽ പാഠത്തിന്റെ അവസാനഭാഗത്തിൽ അക്ഷരമാലയും കുട്ടികളെ പരിചയപ്പെടുത്തുന്നു. ചുരുക്കത്തിൽ അക്ഷരമാലാ പഠനം ലഘൂകരിക്കുന്നതിനൊപ്പം അതുപയോഗിച്ചുള്ള വാക്കുകളും വാക്യങ്ങളും ഒക്കെ ആയാസരഹിതമായി പഠിക്കാൻ ഗാർത്തുവേറ്റ് ശൈലി കുട്ടികളെ സഹായിച്ചു.

**കേരളസർക്കാർ സംവിധാനങ്ങളുടെ പുറത്തുള്ള സ്ഥാപനങ്ങളും സ്വകാര്യ സ്കൂളുകളും (CBSE, ICSE) മറ്റും അക്ഷരപഠനത്തിന് ഗാർത്തുവേറ്റ് ശൈലിയിലുള്ള പാഠപുസ്തകങ്ങൾ തന്നെ ഉപയോഗിക്കുന്നു.**

മലബാർ പ്രദേശത്താണ് ഗാർത്തുവേറ്റ് ശൈലി ആദ്യം വന്നതെങ്കിലും ക്രമേണ ഇത് കേരളം മൊത്തം വ്യാപിച്ചു. 1930കളിൽ തിരുവിതാംകൂറും മലയാള അക്ഷരപഠനം ഗാർത്തുവേറ്റ് ശൈലിയിലേക്ക് മാറ്റി. തിരുവിതാംകൂറിൽ മലയാള അധ്യയനം സാമ്പ്രദായികശൈലിയിൽനിന്ന് ഗാർത്തുവേറ്റ് രീതിയിലേക്ക് മാറാനുള്ള ബോധപൂർവമായ ശ്രമം 1920കളിൽ ആരംഭിച്ചു എന്നത് 1925ൽ പുറത്തിറങ്ങിയ അധ്യാപകമിത്രം എന്ന ശിക്ഷണസഹായിയുടെ ഒന്നാം ഭാഗത്തിൽ (സി. ശിവതാണുപിള്ള, 1925) വ്യക്തമാണ്. അധ്യാപനത്തിന്റെ ശാസ്ത്രീയരീതികൾ അവലംബിക്കുന്ന ഈ പുസ്തകം, ആശാൻകളരി സമ്പ്രദായത്തിലെ പരമ്പരാഗത അക്ഷരപഠനത്തെ വിമർശിക്കുകയും അക്ഷരങ്ങളിൽനിന്ന് അഭ്യസനം ആരംഭിക്കുന്നതിന് പകരം പരിചിതമായ പദങ്ങളിൽനിന്ന് ആരംഭിക്കണം (p 26) എന്നും മലയാളമെഴുത്ത് പഠനം ലളിതമായ ലിപിയിൽനിന്ന് തുടങ്ങണമെന്നും (p 32) അധ്യാപകരെ ഉപദേശിക്കുന്നു. അക്ഷരാഭ്യാസമില്ലാത്ത കുട്ടികൾ സ്വാഭാവികമായിത്തന്നെ 'ഠ' എന്ന വൃത്തം വരക്കുമെങ്കിലും അതിഖരം അടങ്ങിയ പദങ്ങൾ തുടക്കത്തിൽ അഭ്യ

സിപ്പിക്കാൻ ബുദ്ധിമുട്ടാണെന്നതുകൊണ്ട് ആ ലിപിയോടടുപ്പമുള്ള 'റ' അഭ്യസിപ്പിച്ചു കൊണ്ട് തുടങ്ങണമെന്നും, 'റ' അടങ്ങിയ ഉറ, തറ, വറ, പറ, കറ, ഇറ, അറ എന്നീ പദങ്ങളിലൊന്ന് ഉപയോഗിക്കാമെന്നും, ആ വസ്തുവിനെ ക്ലാസിൽ അവതരിപ്പിച്ച് അതിന്റെ പേരെഴുതി ആരംഭിക്കണമെന്നുമാണ് ശിവതാണുപിള്ള വിശദീകരിക്കുന്നത്. ഇങ്ങനെ, ഗാർത്തുവേറ്റ് ശൈലി സ്വീകരിക്കുമ്പോഴും ഈ ശൈലി മലബാറിൽ ഉപയോഗിക്കുന്നു എന്നതോ ആര് കൊണ്ടുവന്നു എന്നതോ ആയ വിവരങ്ങളൊന്നും ശിവതാണുപിള്ള ഈ പുസ്തകത്തിൽ നൽകിയിട്ടില്ല.

## വിമർശനങ്ങൾ

പരമ്പരാഗത രീതി വിട്ട് പുതിയ രീതിയിലേക്ക് മാറിയതിന് എതിർപ്പുകളും ഉയർന്നിട്ടുണ്ടാവണം. അക്കാലത്ത് ഉണ്ടായ എതിർപ്പുകളുടെ രേഖകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. എങ്കിലും 1930കളിൽ ഇറങ്ങിയ ഗുരുനാഥൻ മാസികയുടെ രണ്ട് ലക്കങ്ങളിൽ ഈ രീതിയെപറ്റിയുള്ള വിമർശനം കാണാം.

പേരെടുത്ത് പറയാതെ, 'ഒരു യൂറോപ്യൻ സായിപ്പിന്റെ പരിഷ്കാരം' എന്ന് ഗാർത്തുവേറ്റ് പരിഷ്കാരത്തെ മൂർക്കോത്ത് കുമാരൻ വിമർശിക്കുന്നു. അദ്ദേഹത്തിന്റെ ആ ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ താഴെ കൊടുക്കുന്നു

*മലയാള ഭാഷ, ഇംഗ്ലീഷുഭാഷപോലെയല്ല, ഉച്ചരിക്കുംപോലെ എഴുതുകയും എഴുതിയതുപോലെ ഉച്ചരിക്കുകയും ചെയ്യുന്ന രീതിയിലാണ് നമ്മളുടെ അക്ഷരമാല. എന്നല്ല അകാരത്തിൽ മറ്റു മിക്ക വർണങ്ങളുടെയും വളവും തിരിവും കുനിപ്പും മറിപ്പും അടങ്ങിയിരിക്കയാൽ 'അ' എന്ന വർണം എഴുതിപ്പഠിച്ചാൽ കുട്ടികൾക്കു മറ്റുള്ള അക്ഷരങ്ങൾ എഴുതാൻ വലിയ പ്രയാസം ഉണ്ടാകുന്നതുമല്ല. എന്നിട്ടും അക്ഷരമാല പഠിപ്പിക്കാൻ ഒരു യൂറോപ്യൻ സായ്പ് ആദ്യം പന നനച്ചു പറിക്കണം എന്നു വരുത്തിക്കൂട്ടി അത സമ്പ്രദായം തന്നെ ഇപ്പോഴും നടക്കുന്നു.*

• (ഗ്രന്ഥകർത്താക്കളും പ്രസാധകന്മാരും, മൂർക്കോത്തു കുമാരൻ, ഗുരുനാഥൻ മാസിക, 1936, പുസ്തകം 15 ലക്കം 10, പേജ് 482.)

ഗുരുനാഥൻ മാസികയുടെ 1936ൽ ഇറങ്ങിയ പുസ്തകം 15 ലക്കം 12ൽ പേരുവെക്കാതെ ഒരു ലേഖകൻ 1936നോടടുത്തിറങ്ങിയ 'ശ്രീചിത്തിര തിരുനാൾ പാഠാവലി'യിലെ പരിഷ്കരിച്ച 'ഒന്നാം പാഠപുസ്തകം' വിശകലനത്തിന് വിധേയമാക്കുന്നു.

**1930കളിൽ തിരുവിതാംകൂർ സർക്കാറിന്റെ മലയാള അക്ഷര പഠനവും മലബാറിലേതുപോലെ ഗാർത്തുവേറ്റ് ശൈലിയിലേക്ക് മാറിയതോടെ കേരളത്തിൽ ഈ ശൈലിയുടെ സ്വീകാര്യത ഏകദേശം പൂർണമായി.**


ഒന്നാംപാഠപുസ്തകം

പാഠം ൧.

പറ

പന

പറ

പന

[illegible]ലെ തിരുവിതാംകൂർ ശ്രീ ചിത്തിരതിരുനാൾ പാഠാവലി ഒന്നാം പാഠപുസ്തകത്തിലെ ആദ്യ പാഠം

ശ്രീചിത്തിരതിരുനാൾ പാഠാവലിയിൽ ഒന്നാം പാഠപുസ്തകവും അതിന്റെ അഭ്യസനരീതിയും എന്ന ലേഖനത്തിലെ പ്രസക്തഭാഗങ്ങൾ താഴെ കൊടുക്കുന്നു

*ലോകത്തിലുള്ള എല്ലാ ഭാഷകളെയും അപേക്ഷിച്ച് മലയാളത്തിന് ഒരു വിശേഷമുണ്ട്. എല്ലാവിധ ശബ്ദങ്ങളെയും കുറിക്കുന്നതിനു ലിപികളുണ്ട്. ഒരു ലിപിക്ക് അനേകവിധ ഉച്ചാരണമില്ല. ലിപികളുടെ ഉച്ചാരണംതന്നെയാണ് അവകൊണ്ട് നിർദേശിക്കുന്ന അർഥവും. m-o-t h-e-r എന്ന ആറു ലിപികൾകൊണ്ട് 'മദർ' എന്നൊരു ശബ്ദം പുറപ്പെടുവിച്ചാൽ മാത്രമേ അത് പദാർഥനിഷ്ഠമാകയുള്ളൂ. അമ്മ ഈ രണ്ടു ലിപികളുടെ ചേർകൊണ്ടുതന്നെ മലയാളത്തിൽ അർഥസിദ്ധി വരുന്നു.*

* * * *

*ഇവിടെ ശിശുബുദ്ധിയെക്കുറിച്ച് ഒന്നു പറവാനുണ്ട്. ഗർഭസ്ഥമായ ശിശു മൗനമുദ്രയോടെ വാസനാസഞ്ചയത്തെ ആവർത്തിച്ചുകഴിയുന്നു. ഭൂസ്പർശത്തോടുകൂടി അ എന്നു വായ് തുറക്കുന്നു. ചിരാഭ്യാസഫലമായി അം എന്നു വായ് അടയുന്നു. ആദ്യമായുച്ചരിച്ചതും, പിന്നീടു പലപ്രാവശ്യം ആവർത്തിച്ചതുമായ 'അമ്മ' എന്ന ശബ്ദം തുടങ്ങിയാൽ ഒന്നാംപാഠപുസ്തകം അശാസ്ത്രീയമെന്നു വരുമോ?*

* * * *

*പറ, പന എന്ന രണ്ടു വാക്കു പഠിപ്പിക്കാനാണ് ഒന്നാം പാഠംകൊണ്ട് നിർദേശിച്ചിരിക്കുന്നത്. റ എന്ന ലിപിയു*

*ടെ ഉച്ചാരണം ഈ പ്രായക്കാരുച്ചരിച്ചാൽ ശുദ്ധമാകുമോ എന്നു സംശയിക്കുന്നു. ര കാരത്തോടൊ, ഴ കാരത്തോടൊ അടുപ്പമുള്ള ഒരു ശബ്ദമേ കുട്ടികളിൽനിന്നും കിട്ടുകയുള്ളൂ. ഈ ലിപി എഴുതാനുള്ള സൗകര്യം സുലഭവുമാണ്. പകരം എഴുതാനും വായിക്കാനും അധികവിഷമമുള്ളതല്ലെങ്കിലും 'റു'കാരത്തോട് സംബന്ധിപ്പിക്കാൻ 'വ'കാരമല്ലെ ഉചിതമെന്നു തോന്നിപ്പോകുന്നു. 'പറ'യെന്നു പറയിക്കാൻ ആ സാധനത്തിൻെറ ഒരു ചിത്രം കൊടുത്തിട്ടുണ്ട്. നെൽകൃഷി ധാരാളമുള്ള ദിക്കുകാർ 'പറ' നിശ്ചയമായി കണ്ടിരിക്കും. എന്നാൽ ചില ദിക്കിൽ പറയുടെ ആവശ്യംതന്നെയില്ല. അവിടെയുള്ള കുട്ടികളെ ഒന്നാംപാഠപുസ്തകം പഠിപ്പിക്കേണ്ടതാവശ്യവുമാണ്. അവിടെ ഈ വാക്കു പരാജയമല്ലേ?*

- (ശ്രീചിത്തിരതിരുനാൾ പാഠാവലിയിൽ ഒന്നാം പാഠപുസ്തകവും അതിൻെറ അഭ്യസനരീതിയും, ഗുരുനാഥൻ മാസിക, 1936, പുസ്തകം 15 ലക്കം 12, പേജ് 579, 580.)

## സ്വീകാര്യത

ഗാർത്തുവേറ്റ് ശൈലിയിലുള്ള മലയാള അക്ഷരപഠനം പൊതുവെ സ്വീകരിക്കപ്പെട്ടു എന്നാണ് അത് അവതരിപ്പിച്ചതിന് ശേഷമുള്ള ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. പഠിതാക്കൾക്ക് പെട്ടെന്ന് ഫലം കിട്ടുന്നു എന്നതാവണം ഗാർത്തുവേറ്റ് ശൈലി ജനകീയമാവാനുള്ള പ്രധാന കാരണം.

അക്ഷരപഠനത്തിന് ഗാർത്തുവേറ്റ് ശൈലി നിലവിൽ വന്ന ആദ്യദശകങ്ങളിലെ ചില സാഹിത്യ കൃതികളിൽ ഈ ശൈലിയെ കുറിച്ചുള്ള ചില പരാമർശങ്ങൾ കാണാം. ഉദാഹരണത്തിന്, ചെറുവലത്തു ചാത്തുനായർ, കോഴിക്കോട് നിന്നും 1890ൽ പ്രസിദ്ധീകരിച്ച ആദ്യകാല മലയാള നോവലായ 'മീനാക്ഷി'യുടെ പതിനഞ്ചാം അധ്യായത്തിൻെറ തുടക്കത്തിൽ മീനാക്ഷി കൊച്ചുലക്ഷ്മിയെ മലയാളാക്ഷരം പഠിപ്പിക്കുന്നത് രേഖപ്പെടുത്തിയിരിക്കുന്നു. നോവലിൽനിന്നുള്ള പ്രസക്തഭാഗം താഴെ കൊടുക്കുന്നു:

*...എങ്കിലും ഇവർ സംസാരിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ തനിക്ക് ലേശംപോലും കൗതുകമോ ശ്രദ്ധയോ ഇല്ലെന്നുള്ള നാട്യത്തോടെ ഇവൾ കൊച്ചുലക്ഷ്മിയെ വിളിച്ചു തൻെറ അരികത്തിരുത്തി 'പന-നന-പല-പാല' എന്നിങ്ങനെ ഒരു കൽപലകമേൽ എഴുതി അവളെക്കൊണ്ട് ചൊല്ലിച്ചും നോക്കി എഴുതിച്ചും കൂടക്കൂടെ ഓരോന്ന് ചോദിച്ചും അവളെ ഉല്ലസിപ്പിച്ചുംകൊണ്ട് അവിടെ കുത്തിയിരുന്നു- എന്നാൽ ഇവളുടെ കണ്ണുകൾ മാത്രമെ കൊച്ചുലക്ഷ്മിയുടെ അരികത്തുണ്ടായിരുന്നുള്ളൂ- ചെവികളും മനസ്സും മുഴുവൻ ശ്രദ്ധയും മറ്റെവരുടെ സംഭാഷണ ഗ്രഹണത്തിലെക്ക നെർന്നവെക്കയാണ ചെയ്തിട്ടുള്ളത-അതുകൊണ്ട് 'പന-നന' എന്ന് കൊച്ചുലക്ഷ്മി അഞ്ചോ ആറോ പ്രാവശ്യം ഒരുപോലെ നില വിളിച്ചു പറഞ്ഞാലും കൂടി ഇവൾ കെൾക്കാതെ കണ്ടായി- 'പല' എന്നത് 'തല' എന്ന് വായിച്ചാലും 'പന' എന്നത് 'മന' എന്ന് ചൊല്ലിയാലും ഒരു സമയം ഒന്നും മിണ്ടാതെ ഇരുന്നാലും മീനാക്ഷിക്കുട്ടി കൂടക്കൂടെ 'ശരി' 'ശരി' എന്നു അനുസരിച്ചുവരുകയായി...*

- (ചെറുവലത്ത് ചാത്തുനായർ, 1890, പേജ് 289.)

പരിചയപ്പെടുത്താനായി തിരഞ്ഞെടുക്കുന്ന അക്ഷരങ്ങളുടെ ക്രമത്തിലും, പ്രസ്തുത അക്ഷരം ഉൾപ്പെടുന്ന വാക്കുകളുടെ തിരഞ്ഞെടുപ്പിലും ഓരോ പാഠപുസ്തകത്തിലും വ്യത്യാസം ഉണ്ടായിരുന്നുവെങ്കിലും, പൊതുവെ എല്ലാ ഔദ്യോഗിക-സ്വകാര്യ പാഠ്യപദ്ധതികളും ലളിതാക്ഷരങ്ങളിൽ തുടങ്ങി അക്ഷരപഠനം പുരോഗമിക്കുന്ന ഗാർത്തുവേറ്റ് ശൈലി സ്വീകരിച്ചു.

ഈ മാറ്റത്തിനുശേഷം ഔദ്യോഗിക പാഠാവലികൾ ഇടയ്ക്ക് മറ്റ് അക്ഷരപഠന രീതികൾ പരീക്ഷിക്കുന്നുണ്ടെങ്കിലും പെട്ടെന്ന് തന്നെ ഗാർത്തുവേറ്റ് ശൈലിയിലേക്ക് തിരിച്ചുവരുന്നതിൻെറ തെളിവുകൾ തുടർന്നുള്ള വർഷങ്ങളിൽ കാണാം. കേരളസംസ്ഥാന രൂപവത്കരണത്തിന് ശേഷം 1957ൽ കേരള സർക്കാർ പുറത്തിറക്കിയ ഒന്നാംപാഠത്തിൽ ഇംഗ്ലീഷ് പാഠപുസ്തകങ്ങളിലെ A for Apple പോലെ അ - അമ്മ, ആ - ആന എന്ന ശൈലി പരീക്ഷിച്ചെങ്കിലും, തൊട്ടടുത്ത വർഷം തന്നെ (1958ൽ) ഗാർത്തുവേറ്റ് ശൈലിയിലേക്ക് തിരിച്ചുപോയത് കൂടി നിരീക്ഷിച്ചാൽ, വ്യത്യസ്ത അക്ഷരപഠനശൈലികൾ തമ്മിലുള്ള വടംവലി അപ്പോഴും നിലനിന്നിരുന്നു എന്ന് കാണാം.

ചുരുക്കത്തിൽ, പാരമ്പര്യവാദികളായ ചിലരിൽനിന്ന് എതിർപ്പ് നേരിട്ടിരുന്നുവെങ്കിലും, മലയാള അക്ഷരപഠനത്തിൻെറ പ്രയാസം ലഘൂകരിച്ച ഗാർത്തുവേറ്റ് പരിഷ്കരണം പൊതുവെ മലയാളികൾ സ്വീകരിച്ചതായാണ് തുടർന്നുള്ള ചരിത്രം പരിശോധിക്കുമ്പോൾ കാണുന്നത്. അവതരിപ്പിച്ച് അൽപ ദശകങ്ങൾക്കുള്ളിൽ തന്നെ അത് കേരളം മൊത്തം വ്യാപിച്ചു. അൽപസ്വൽപ പരിഷ്കരണങ്ങളോടെ ഗാർത്തുവേറ്റ് ശൈലി തന്നെയാണ് ഇപ്പോഴും പൊതുവെ പിന്തുടരുന്നത്. മലയാളം പോലെ സങ്കീർണമായ അക്ഷരസഞ്ചയം ഉൾപ്പെടുന്ന ലിപിക്ക് അനുയോജ്യമായ രീതിയായി ഗാർത്തുവേറ്റ് ശൈലിയെ വിദ്യാഭ്യാസ വിചക്ഷണന്മാർ കരുതി എന്നാണ് ഇത് കാണിക്കുന്നത്.

## ഇന്നത്തെ സ്ഥിതി

വിദേശ സർവകലാശാലകളിൽ ബിരുദമെടുക്കുന്നവർക്കായി നടത്തുന്ന മലയാളഭാഷാ പാഠങ്ങളിൽ പരമ്പരാഗത രീതിയിൽ അക്ഷരമാല പഠിപ്പിച്ചാണ് ഭാഷാപഠനം തുടങ്ങുന്നത് (Rodney F. Moag, 2002). ഇത് മലയാളം സുഗമമായി വായിക്കുക എന്നതിനേക്കാൾ ഭാഷാശാസ്ത്രത്തിനാണ് അവിടെ മുൻഗണന എന്നതിനാലും, വിവിധ ബ്രാഹ്മിക് ലിപികളുമായി താരതമ്യം നടത്തി പഠിക്കാനുള്ള സൗകര്യമുദ്ദേശിച്ചും ആയിരിക്കാം. പരമ്പരാഗത രീതി പിന്തുടരുന്ന അപൂർവം ഇടങ്ങളിൽ ഒന്ന് ഇതാവുന്നു. അതേപോലെ, ഇരുപതാം നൂറ്റാണ്ടിൻെറ അവസാനത്തിലും എഴുത്തുകളരികളിൽ പരമ്പരാഗതരീതിയിൽ തന്നെ അക്ഷരം പഠിപ്പിക്കുന്നത് തുടർന്നുപോന്നിരുന്നു.

1930കളിൽ തിരുവിതാംകൂർ സർക്കാറിൻെറ മലയാള അക്ഷരപഠനവും മലബാറിലേത് പോലെ ഗാർത്തുവേറ്റ് ശൈലിയിലേക്ക് മാറിയതോടെ കേരളത്തിൽ ഈ ശൈലിയുടെ സ്വീകാര്യത ഏകദേശം പൂർണമായി. പൊതുവിൽ ലോകവ്യാപകമായി മലയാള അക്ഷരപാഠ്യക്രമം ലളിതാക്ഷരങ്ങളിൽ അക്ഷരപഠനം തുടങ്ങുന്ന ഗാർത്തുവേറ്റ് ശൈലിയിലാണ് ഇന്ന്. എങ്കിലും, ചില സ്വകാര്യ പുസ്തക പ്രസാധകർ അക്ഷരമാലാ ക്രമത്തിലുള്ള വാക്കുകൾ

പരിചയപ്പെടുത്തുന്ന പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. എന്നാൽ അതിന്റെ പിന്നിലെ യുക്തി പരമ്പരാഗത ശൈലിയിലേക്കുള്ള തിരിച്ചുപോക്കാണ് എന്ന് തോന്നുന്നില്ല; മറിച്ച്, A for Apple, B for Ball എന്ന ഇംഗ്ലീഷ് ശൈലി അനുകരിക്കുകയാവണം.

1997നോടടുത്ത് കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസം DPEP പാഠ്യക്രമത്തിലേക്ക് മാറിയതിന് ശേഷം കേരള സർക്കാറിന് അക്ഷരപഠനത്തിനായി പാഠപുസ്തകങ്ങളില്ല. താഴ്ന്ന ക്ലാസിൽ അക്ഷരമാല പഠിപ്പിക്കുന്നുമില്ല. വിവിധ പ്രവർത്തനങ്ങളിലൂടെ ലളിതമായ അക്ഷരങ്ങളിലും വാക്കുകളിലും തുടങ്ങി എഴുത്തുപഠനം പുരോഗമിക്കുന്ന ശൈലിയാണ് ഇപ്പോൾ കേരള സർക്കാർ സ്കൂളുകളിൽ കാണുന്നത്. മലയാളം മിഷൻ പോലെ കേരളത്തിന് പുറത്ത് മലയാള അധ്യയനം നടത്തുന്നവരുടെ പരിപാടികളിലും ഇപ്പോൾ നേരിട്ട് എഴുത്ത് പഠിപ്പിക്കുന്നില്ല. മറിച്ച്, വിവിധ ക്ലാസ്റൂം പ്രവൃത്തികളിലൂടെ അവരെ പതുക്കെ മലയാളമെഴുത്ത് പഠിപ്പിക്കുന്ന രീതിയാണ് ഉള്ളത്. എന്നാൽ നേരത്തേ ചെയ്തിരുന്ന പോലെ ലളിതമായ അക്ഷരങ്ങളിൽ തുടങ്ങി അതുപയോഗിച്ച് വാക്കുണ്ടാക്കുക അല്ല ഇപ്പോൾ ചെയ്യുന്നത്. പകരം, ലളിതമായ വാക്യങ്ങളിൽനിന്ന് വാക്കുകളെടുത്ത് അതിലെ ലളിത അക്ഷരങ്ങൾ പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. അതായത്, DPEP പാഠ്യക്രമത്തിൽ അക്ഷരങ്ങൾ നേരിട്ട് പഠിപ്പിക്കുന്നില്ലെങ്കിലും വിവിധ പ്രവർത്തനങ്ങളിലൂടെ അത് പരോക്ഷമായി പഠിപ്പിക്കുന്നു. ഇപ്പോഴത്തെ ഒന്നാം ക്ലാസിന്റെ ആദ്യയൂണിറ്റുകളിൽ പരിചയപ്പെടുത്താൻ നിർദേശിച്ചിരിക്കുന്ന അക്ഷരങ്ങളുടെ ക്രമം ടീച്ചേഴ്സ് ഹാൻഡ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്നു:

കേരളസർക്കാർ സംവിധാനങ്ങളുടെ പുറത്തുള്ള സ്ഥാപനങ്ങളും, സ്വകാര്യസ്കൂളുകളും (CBSE, ICSE) മറ്റും അക്ഷരപഠനത്തിന് ഗാർത്തുവേറ്റ് ശൈലിയിലുള്ള പാഠപുസ്തകങ്ങൾ തന്നെ ഉപയോഗിക്കുന്നു.

അധ്യാപന സിദ്ധാന്തങ്ങളുടെ (Pedagogy) നവീന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ, ഏഴോളം അടിസ്ഥാന അധ്യാപന പ്രമാണതത്ത്വങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട് (Soti Shivandra Chandra, 2004:81). അതിൽ ആദ്യത്തേതാണ് Easy to Difficult (ലളിതത്തിൽനിന്ന് സങ്കീർണതയിലേക്ക്); അടുത്തത് Known to Unknown. കുറഞ്ഞത് അമ്പത് വർഷത്തോളമായെങ്കിലും പെഡഗോജിയിൽ ഈ രീതി അനുവർത്തിക്കുന്നു. പെഡഗോജിയിൽ ഈ കാഴ്ചപ്പാട് ഉരുത്തിരിയുന്നതിന് എത്രയോ ദശകങ്ങൾക്ക് മുമ്പ് മലയാള അക്ഷരപഠനത്തിൽ ലാളിത്യത്തിൽ നിന്ന് സങ്കീർണതയിലേക്ക് എന്ന പെഡഗോജിയുടെ ആദ്യതത്ത്വം കൈക്കൊണ്ടു എന്നതാണ് ഗാർത്തുവേറ്റിന്റെ പ്രാധാന്യം. പെഡഗോജിയുടെ രണ്ടാം തത്ത്വം മലയാളമെഴുത്തിൽ കൃത്യമായി നടപ്പാക്കിയത് ജോസഫ് മൂളിയിലാണ്. മറ്റ് ഇന്ത്യൻ ഭാഷകൾ ഇപ്പോഴും അക്ഷരപഠനത്തിന്റെ കാര്യത്തിൽ ഈ ശൈലിയിലേക്ക് മാറിയിട്ടില്ല എന്നത് കൂടി കണക്കിലെടുക്കുമ്പോൾ ഗാർത്തുവേറ്റ് മലയാള അക്ഷരപഠനത്തിൽ എത്ര വലിയ വിപ്ലവം ആണ് കൊണ്ടുവന്നത് എന്ന് മനസ്സിലാകും.

**റ, പ, ത എന്നീ അക്ഷരങ്ങളും അത് ഉൾപ്പെടുന്ന തറ, പറ എന്നീ വാക്കുകളും ആദ്യം തന്നെ പഠിപ്പിക്കുന്നതുകൊണ്ട് തറ-പറ ശൈലിയിലുള്ള അക്ഷരപഠനം എന്ന് ഇക്കാലത്ത് ഇത് പൊതുജനങ്ങളുടെ ഇടയിൽ അറിയപ്പെടുന്നു.**

| യൂണിറ്റ് ഫ്രെയിം | ഭാഷ | |
|---|---|---|
| ആശയങ്ങൾ/ശേഷികൾ | വ്യവഹാരരൂപങ്ങൾ/ഭാഷാ വസ്തുതകൾ/ഊന്നൽ അക്ഷരങ്ങൾ | പഠനനേട്ടങ്ങൾ |
| • കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയടങ്ങിയ ചിത്രങ്ങൾ വായിക്കൽ (ഒറ്റനോട്ടത്തിലും ആഴത്തിലും)<br>• സർഗാത്മക പ്രകടനത്തിന് അവസരം നൽകിക്കൊണ്ട് സൂക്ഷ്മപേശിവികാസത്തിനുതകുന്ന ചിത്രംവര, നിറം നൽകൽ, നിർമാണ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടൽ.<br>• കുട്ടിക്കവിതകൾ ആശയവ്യക്തതയോടെയും താളത്തോടെയും ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കൽ.<br>• താളത്തോടെ ചൊല്ലുന്ന കുട്ടിക്കവിതകൾ കേട്ട് ആസ്വദിക്കൽ.<br>• വായനസാമഗ്രികളിൽനിന്ന് ആവർത്തിച്ചു വരുന്ന പദങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കൽ (Graphic reading).<br>• അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കൽ.<br>• ഉച്ചാരണശുദ്ധിയോടെ പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കൽ.<br>• അക്ഷരങ്ങളുടെ ആകൃതി ക്രമം തിരിച്ചറിയുകയും എഴുതുകയും ചെയ്യൽ. | പരിചയപ്പെടുത്തുന്ന വ്യവഹാരരൂപങ്ങൾ<br>• കഥ, സംഭാഷണം, കവിത<br>ശക്തിപ്പെടുത്തുന്ന വ്യവഹാരരൂപങ്ങൾ<br>• കവിത<br>അക്ഷരങ്ങൾ<br>[illegible]<br>കൂട്ടക്ഷരങ്ങൾ<br>ന്ന<br>പദങ്ങൾ<br>ചാടിച്ചാടി<br>പാറിപ്പാറി<br>നടന്നുനടന്ന്<br>നുറുനുറ്<br>തത്തേ, തത്തേ... | • ചിത്രങ്ങളിലെ ആശയങ്ങൾ കണ്ടെത്തി ലഘുവാക്യങ്ങളിൽ പറയുന്നു.<br>• ലിപികൾ തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയത് (പദങ്ങൾ, വാക്യങ്ങൾ) വായിക്കുന്നു. (Graphic reading)<br>• സ്വന്തം ആശയങ്ങൾ വ്യത്യസ്ത രീതിയിൽ (വാചികം, അഭിനയം, ചിത്രംവര, നിർമാണം) പ്രകടിപ്പിക്കുന്നു.<br>• പാഠഭാഗത്തുനിന്ന് ലിപികൾ തിരിച്ചറിഞ്ഞ് നിശ്ചിത പദങ്ങൾ കണ്ടെത്തുകയും വായിക്കുകയും ചെയ്യുന്നു.<br>• പാട്ടുകൾ ഈണത്തോടെയും താളത്തോടെയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.<br>• കവിതയിലെ ആശയം ഉൾക്കൊണ്ട് താളം പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.<br>• സ്വായത്തമായ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർഥപൂർണമായ പദങ്ങൾ എഴുതുന്നു. |

ടീച്ചർ ടെക്സ്റ്റ്, ഒന്നാം ക്ലാസ് - മലയാളം, പരിസരപഠനം, ഗണിതം, 2014, പേജ് 96

## ഉപസംഹാരം

അറിഞ്ഞിടത്തോളം, മറ്റെല്ലാ ഇന്ത്യൻ ഭാഷകളും പരമ്പരാഗതമായ അക്ഷരമാലാക്രമത്തിലുള്ള എഴുത്തുപഠനം ഇപ്പോഴും തുടരുമ്പോഴും ഒരു വേറിട്ട വഴി സ്വന്തമായുള്ളത് മലയാളത്തിന് മാത്രമാണ്.

ഇതുവരെയുള്ള പരിശോധനയിൽനിന്ന് ഗാർത്തുവേറ്റ് ആണ് ലളിതമായ അക്ഷരങ്ങളിൽനിന്ന് മലയാള അക്ഷരപഠനം തുടങ്ങുന്ന നവീനരീതി അവതരിപ്പിച്ചതെന്ന് മനസ്സിലാക്കാം. ഗാർത്തുവേറ്റ് ശൈലിയെ ജോസഫ് മൂളിയിലും തുടർന്ന് വന്നവരും നവീകരിച്ചു. ആദ്യം മലബാറിലും പിൽക്കാലത്ത് തിരുവിതാംകൂറിലും കേരളത്തിലെ മറ്റു പ്രദേശങ്ങളിലും മലയാള അക്ഷരപഠനം ഗാർത്തുവേറ്റ് ശൈലിയിലേക്ക് മാറി.







പാഠപുസ്തകങ്ങൾ നിർമിക്കുന്ന കമ്മിറ്റിയുടെ താൽപര്യം അനുസരിച്ച് തിരഞ്ഞെടുക്കന്ന ആദ്യ ലളിതാക്ഷരങ്ങളുടെ ക്രമത്തിലും അക്ഷരം പരിചയപ്പെടുത്താൻ ഉപയോഗിക്കുന്ന വാക്കുകളിലും ഓരോ കാലഘട്ടത്തിലും മാറ്റം വരുന്നുണ്ട്. പൊതുവെ പ, ന, റ, ര, ത തുടങ്ങിയ അക്ഷരങ്ങൾ ആണ് ഇന്ന് മിക്ക ഔദ്യോഗിക പാഠാവലികളും തുടക്കത്തിൽ പരിചയപ്പെടുത്തുന്നത്. റ, പ, ത എന്നീ അക്ഷരങ്ങളും അത് ഉൾപ്പെടുന്ന തറ, പറ എന്നീ വാക്കുകളും ആദ്യം തന്നെ പഠിപ്പിക്കുന്നതുകൊണ്ട് തറ-പറ ശൈലിയിലുള്ള അക്ഷരപഠനം എന്ന് ഇക്കാലത്ത് ഇത് പൊതുജനങ്ങളുടെ ഇടയിൽ അറിയപ്പെടുന്നു.

●


കടപ്പാട്

ഈ ലേഖനത്തിന് പീർ റിവ്യൂ ചെയ്ത് അഭിപ്രായങ്ങൾ നൽകിയ ഡോ. സ്കറിയ സക്കറിയ, ഡോ. രവിശങ്കർ നായർ, ബിജു സി.പി എന്നിവരോട്.

ട്യൂബിങ്ങൻ യൂനിവേഴ്സിറ്റി ഗുണ്ടർട്ട് ശേഖരത്തിലെ പല പുസ്തകങ്ങളും ഡോ. സ്കറിയ സക്കറിയ ലഭ്യമാക്കിയ പുസ്തകങ്ങളുടെ താളുകളും ഈ ലേഖനത്തിന് പ്രയോജനപ്പെട്ടു. അതിന് പുറമേ, തെളിവുകൾ സംഘടിപ്പിക്കാൻ ഡോ. ഹൈക്കെ ഓബർലിൻ, ഡോ. ഓഫിറ ഗമാലിയേൽ, ഡോ. രജനി സുമോദ്, ടോണി ആന്റണി, പ്രവീൺ വർമ, ശ്രീജിത്ത് ശ്രീകുമാർ, കണ്ണൻ ഷൺമുഖം, ജിസ്സോ ജോസ്, വിനിൽ പോൾ, മനോജ് എബനേസർ, ആർ.പി. ശിവകുമാർ, റൂബിൻ ഡിക്രൂസ് എന്നിവരും സഹായിച്ചു.



അവലംബം

- ഹെർമൻ ഗുണ്ടർട്ട്, പാഠാരംഭം (ഒന്നാം പതിപ്പ്), 1851.
- ഹെർമൻ ഗുണ്ടർട്ട്, വലിയ പാഠാരംഭം (പതിനൊന്നാം പതിപ്പ്), 1871.
- എൽ. ഗാർത്തുവേറ്റ്, ഒന്നാം പാഠപുസ്തകം (മൂന്നാം പതിപ്പ്), 1873.
- Report of the Committee for the Revision of English, Telugu, and Tamil School Books in the Madras Presidency, 1875.
- എൽ. ഗാർത്തുവേറ്റ്, ഒന്നാം പാഠപുസ്തകം (എട്ടാം പതിപ്പ്), 1881.
- ചെറുവലത്ത് ചാത്തുനായർ, മീനാക്ഷി, 1890.
- ജോസഫ് മൂളിയിൽ, ശിശുപാഠപുസ്തകം (ഒന്നാം പതിപ്പ്), 1896.
- ജോസഫ് മൂളിയിൽ, ശിശുപാഠപുസ്തകം (പത്താം പതിപ്പ്), 1904.
- സി. ശിവതാണുപിള്ള, അധ്യാപകമിത്രം (ഒന്നാം ഭാഗം), 1925.
- ഗുരുനാഥൻ മാസിക, പുസ്തകം 15 ലക്കം 10, 1936.
- ഗുരുനാഥൻ മാസിക, പുസ്തകം 15 ലക്കം 12, 1936.
- വി. ഗംഗാധരൻ നായർ, മലയാളഗദ്യത്തിന്റെ വികസനത്തിന് കേരളവർമയുടെ സംഭാവന, 1981.
- സ്കറിയ സക്കറിയ, ചർച്ചയും പൂരണവും (മലയാള സാഹിത്യവും ക്രിസ്ത്യാനികളും), 1989.
- Rodney F. Moag, Malayalam: A University Course and Reference Grammar, Fourth Edition, 2002.
- Soti Shivandra Chandra, Rajendra Kumar Sharma, Principles of Education, 2004.
- ടീച്ചർ ടെക്സ്റ്റ്, ഒന്നാം ക്ലാസ് - മലയാളം, പരിസരപഠനം, ഗണിതം, State Council of Education, Research and Technology, 2014.
- സ്കറിയ സക്കറിയ, മലയാളവും ഹെർമൻ ഗുണ്ടർട്ടും, 2016.


സംജ്ഞകൾ

ഈ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന ചില സംജ്ഞകളുടെ വിശദീകരണം:

- *പരമ്പരാഗത ശൈലി* - അക്ഷരമാല, വ്യഞ്ജനസ്വരസംയുക്തങ്ങൾ, കൂട്ടക്ഷരങ്ങൾ, ലളിത വാക്കുകൾ, വാചകങ്ങൾ എന്ന ക്രമത്തിൽ എഴുത്ത് പഠിപ്പിക്കുന്ന ശൈലി.
- *ഗാർത്തുവേറ്റ് ശൈലി* - അക്ഷരമാലയിലെ ലളിതാക്ഷരങ്ങൾ ഉപയോഗിച്ചുള്ള വാക്കുകളിലും വാചകങ്ങളിലും നിന്നു തുടങ്ങി ക്രമേണ സങ്കീർണ സംഗതികൾ പഠിപ്പിക്കുന്ന എഴുത്തുപഠന ശൈലി.
- *ഇംഗ്ലീഷ് ശൈലി* - അക്ഷരമാലയിലെ ഓരോ അക്ഷരങ്ങളും ക്രമത്തിലെടുത്ത് അതു കൊണ്ട് തുടങ്ങുന്ന നിത്യജീവിത വാക്കുകൾ ഉപയോഗിച്ച് എഴുത്ത് പഠിപ്പിക്കുന്ന ശൈലി. (ഉദാഹരണത്തിന്, ഇംഗ്ലീഷിലെ A for Apple, B for Ball പോലെ മലയാളത്തിൽ അ - അമ്മ, ആ - ആന...)
- *ലിപി* - എഴുത്ത് രീതി, Script.
- *അക്ഷരം* - ബ്രാഹ്മിക് ലിപികളിലെ എഴുത്തിൽ ഉപയോഗിക്കുന്ന അടിസ്ഥാന രൂപം. Grapheme in Brahmic scripts.
- *അക്ഷരമാല* - എഴുത്തിൽ ഉപയോഗിക്കുന്ന എല്ലാ അക്ഷരങ്ങളുടെയും കൂട്ടം.
- *സ്വനവിജ്ഞാനം* - ഉച്ചാരണ ശബ്ദങ്ങളെ കുറിച്ച് പഠിക്കുന്ന ഭാഷാശാസ്ത്ര ശാഖ, Phonetics.